# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 സെപ്റ്റംബർ 1 | ദീപം 55 | നാളം 26 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





## കുതിച്ചുയരുന്ന ഇ. ഡി. കേസുകൾ

# നിങ്ങൾ ആരെ അന്വേഷിക്കുന്നു?



ജോർജ് കള്ളിവയലിൽ

കൂട്ടിലടച്ച തത്തയാണ് സിബിഐ എന്ന സുപ്രീം കോടതി ജഡ്ജി ആർ.എം. ലോധയുടെ 2013 ലെ പ്രസിദ്ധമായ വാചകം മറക്കാറായിട്ടില്ല. കൂട്ടിലടച്ച തത്തകളായ സിബിഐയെ ഇപ്പോൾ തുറന്നുവിട്ടിരിക്കുകയാണെന്നും തത്തയുടെ തൂവലുകൾ കാവിനിറവും ചിറകുകൾ ഇഡിയും ആയിരിക്കുകയാണെന്നും മുൻ കേന്ദ്രമന്ത്രിയും രാജ്യസഭയിലെ എസ്പി പിന്തുണയുള്ള സ്വതന്ത്ര എംപിയുമായ കപിൽ സിബൽ പറഞ്ഞു. യജമാനൻ പറയുന്നത് ഏറ്റുപറയുന്ന തത്തയാണ് സിബിഐയും ഇഡിയുമെന്നു മുൻ കോൺഗ്രസ് നേതാവ് പരിഹസിച്ചു.

ഡൽഹി ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ വസതിയിൽ കേന്ദ്ര ഏജൻസിയായ എൻഫോഴ്മെന്റ് ഡയറക്ടറേറ്റ് ഓഗസ്റ്റ് 19 ന് 16 മണിക്കൂറോളം റെയ്ഡ് നടത്തി. ഡൽഹി സർക്കാരിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ വീടുകളിലും ഓഫീസുകളിലും റെയ്ഡു നടന്നു. ഇതിനു പിന്നാലെയായിരുന്നു സിബലിന്റെ ടിറ്ററിലെ ഈ കുറിപ്പ്. ഡൽഹിയിലെ എക്സൈസ് നയം ദുരുപയോഗിച്ച് കോടികളുടെ അഴിമതി നടത്തിയെന്ന കേസിലാണ് മനീഷ് സിസോദിയയുടെ വസതിയിൽ സിബിഐ റെയ്ഡു നടത്തിയത്.

രാജ്യം വിട്ടുപോകാതിരിക്കാൻ മനീഷിനെതിരേ സിബിഐ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചതായി ദേശീയ ടെലിവിഷനുകളും പത്രങ്ങളും റിപ്പോർട്ടു ചെയ്തു. എന്നാൽ, താൻ ഡൽഹിയിൽ സ്വൈരമായി വിഹരിക്കുന്നുണ്ടെന്നും മറച്ചുവയ്ക്കാൻ ഒന്നുമില്ലെന്നും മനീഷ് പത്രസമ്മേളനം വിളിച്ച് അറിയിച്ചു. ഇതോടെ മനീഷിനെതിരേമാത്രം ലുക്കൗട്ട് നോട്ടീസ് ഇല്ലെന്നും കേസിലെ മറ്റു പ്രതികൾക്കെതിരേയാണ് നോട്ടീസെന്നും സിബിഐ വിശദീകരിക്കാൻ നിർബന്ധിതമായി.

കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഡൽഹി മുൻ ആരോഗ്യമന്ത്രി സത്യേന്ദ്ര ജെയിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കഴിഞ്ഞ മാസം അറസ്റ്റ് ചെയ്തിരുന്നു. അത് ഇപ്പോഴും അന്വേഷണത്തിലാണ്.

### പ്രതിപക്ഷത്തെ വിടാതെ ഇ ഡി

നാഷണൽ ഹെറാൾഡ് കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ ഡി) കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധിയെയും മകൻ രാഹുൽ ഗാന്ധിയെയും തുടർച്ചയായി ചോദ്യം ചെയ്തതും വലിയ വിവാദമായിരുന്നു. രാഹുലിനെ അമ്പതു മണിക്കൂറോളം ചോദ്യം ചെയ്തു. പക്ഷേ, അറസ്റ്റോ അനന്തര നടപടികളോ ഉണ്ടായില്ല.

കിഫ്ബി വായ്പകളുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യാൻ കേരള മുൻ ധനമന്ത്രി ഡോ. തോമസ് ഐസക്കിനും ഇ ഡി നോട്ടീസ് നൽകി. നിയമവിരുദ്ധമായ നോട്ടീസ് അംഗീകരിക്കില്ലെന്നും ഇ.ഡിക്കു മുന്നിൽ ഹാജരാകില്ലെന്നും ഐസക്കും സിപിഎമ്മും നിലപാടെടുത്തതും അടുത്തിടെയാണ്. മുഖ്യമന്ത്രി പിണറായി വിജയനെതിരേയുള്ള സിബിഐയുടെ ലാവ്‌ലിൻ കേസ് ഡെമോക്ലിസിന്റെ വാൾ പോലെ കിടക്കാൻ തുടങ്ങിയിട്ട് അനേകവർഷങ്ങളായി. അനന്തര നടപടികൾ ഇപ്പോഴും കോടതിയിൽ ഇഴയുകയാണ്.

പശ്ചിമ ബംഗാളിൽ മമത ബാനർജിയുടെ പാർട്ടിക്കാരെയും നേതാക്കളെയും ഇ ഡിയും സിബിഐയും വിടാതെ പിന്തുടരുകയാണ്. വിദ്യാഭ്യാസമന്ത്രിയായിരുന്ന പാർഥ ചാറ്റർജി അറസ്റ്റിലായി. പശ്ചിമ ബംഗാൾ സ്കൂൾ സർവീസ് കമ്മീഷനിലെ ഇദ്ദേഹത്തിന്റെ കൂട്ടാളി അർപ്പിത മുഖർജിയുമായി ചേർന്നു കോടികളുടെ അഴിമതി നടത്തിയെന്നാണു കേസ്. മമതയുടെ ബന്ധുവും എംപിയുമായ അഭിഷേക് ബാനർജിക്കെതിരേയും സാമ്പത്തികക്രമക്കേടുകൾക്ക് ഇ ഡി കേസെടുത്തു ചോദ്യം ചെയ്തു.

കന്നുകാലി കടത്തൽ കേസിലാണു തൃണമൂലിന്റെ മറ്റൊരു പ്രമുഖ നേതാവ് അനുബ്രത മണ്ഡലിനെ കഴിഞ്ഞ 11-ാം തീയതി സിബിഐ അറസ്റ്റു ചെയ്തത്. തൃണമൂൽ യുവജനവിഭാഗം നേതാവ് വിനയ് മിശ്രയുമായി ബന്ധപ്പെട്ട കമ്പനിയുടെ 13.63 കോടിയുടെ സ്വത്തുക്കൾ കഴിഞ്ഞ മാസം ഇ ഡി കണ്ടെടുത്തു. തൃണമൂൽ എംഎൽഎ മണിക് ഭട്ടാചാര്യയെയും അധ്യാപകനിയമന അഴിമതിക്കേസിൽ ഇ ഡി ചോദ്യം ചെയ്തു.

### രാഷ്ട്രീയക്കരുക്കളാകുന്ന ഏജൻസികൾ

മഹാരാഷ്ട്രയിൽ എൻസിപി നേതാക്കളും മുൻ കേന്ദ്രമന്ത്രിമാരുമായ ശരത് പവാറും പ്രഫുൽ പട്ടേലും മുതൽ മുൻ ഉപമുഖ്യമന്ത്രി അജിത് പവാർ, മുൻ മന്ത്രി അനിൽ ദേശ്മുഖ്, മുൻ മന്ത്രി ഹസൻ മുഷ്റിഫ്, നവാബ് മാലിക്, ശിവസേന നേതാക്കളായ സഞ്ജയ് റാവത്ത് എംപി, ഭാര്യ വർഷ, മുൻമന്ത്രി അനിൽ പരബ്, ഭാവന ഗവാലി എംപി, യശ്വന്ത് ജാദവ്, ഭാര്യ യാമിനി, പ്രതാപ് സർനായിക്, കോൺഗ്രസ് നേതാക്കളായ മുൻമുഖ്യമന്ത്രി അശോക് ചവാൻ തുടങ്ങി ഇപ്പോഴത്തെ പ്രതിപക്ഷ മഹാസഖ്യത്തിലെ പ്രമുഖർക്കെതിരേയെല്ലാം സിബിഐ, ഇ ഡി, ആദായനികുതി വകുപ്പ്, എൻഐഎ തുടങ്ങിയ കേന്ദ്ര ഏജൻസികളുടെ അന്വേഷണമുണ്ട്. ചിലരെ അറസ്റ്റു ചെയ്തു, ചിലരെ ചോദ്യം ചെയ്തു, ചിലരെ റെയ്ഡു ചെയ്തു എന്നിങ്ങനെ പല രൂപത്തിലാണിവ.

കർണാടകയിൽ കോൺഗ്രസിന്റെ പ്രമുഖനും മുൻമന്ത്രിയുമായ ഡി.കെ. ശിവകുമാറിനും കൂട്ടർക്കും എതിരേ ഇ ഡി കേസെടുത്തിരുന്നു. 2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് മധ്യപ്രദേശ് മുഖ്യമന്ത്രിയായിരുന്ന കമൽനാഥിന്റെ സെക്രട്ടറിമാരുടെ വീടുകളിൽ ആദായനികുതി റെയ്ഡുകൾ നടത്തി.

ഹിന്ദിസിനിമ സൂപ്പർസ്റ്റാർ ഷാരൂഖ്ഖാന്റെ മകൻ ആര്യൻഖാനെ മയക്കുമരുന്നുകേസിൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ഏതാനും മാസങ്ങൾക്കുമുമ്പ് അറസ്റ്റുചെയ്യുകയും നിരവധി ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു. എന്നാൽ, പിന്നീട് എൻസിബി ആര്യൻ ഖാന് ക്ലീൻ ചിറ്റ് നൽകി. ന്യൂനപക്ഷ സമുദായക്കാരനായ, പ്രതിപക്ഷത്തോട് ആഭിമുഖ്യമുള്ള ഷാരൂഖിനെ വിരട്ടാനായിരുന്നു മകന്റെ അറസ്റ്റു നാടകം എന്നു കരുതുന്നവരുണ്ട്.

ബിജെപി ഇതര സർക്കാരുകൾ ഭരിക്കുന്ന മിക്ക സംസ്ഥാനങ്ങളിലും കേന്ദ്ര ഏജൻസികൾ പലതരത്തിലുള്ള കേസുകളെടുക്കുന്നതു പതിവായിട്ടുണ്ട്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും പ്രതിപക്ഷനേതാക്കൾക്കെതിരേ പതിവായി കേസെടുത്തു വാർത്തകൾ സൃഷ്ടിക്കുന്നതിൽ അടുത്തിടെ കൂടുതൽ മത്സരിക്കുന്നത് ഇ ഡി ആണ്. കേന്ദ്ര അന്വേഷണ ഏജൻസികൾ നരേന്ദ്ര മോദിസർക്കാരിനുവേണ്ടി രാഷ്ട്രീയം കളിക്കുകയാണെന്ന ആരോപണമാണ് പ്രതിപക്ഷം ഉയർത്തുന്നത്.

### കുതിച്ചുയർന്ന ഇ ഡി കേസുകൾ

സിബിഐ അന്വേഷണത്തിന് സംസ്ഥാനസർക്കാരുകളുടെ അനുമതി വേണമെന്ന തടസ്സം ഒഴിവാക്കാനാണ് ഇ ഡി - ആദായനികുതി വകുപ്പുകൾ കൂടുതൽ കേസെടുക്കുന്നതിനു വഴിതെളിച്ചതെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. കേരളം ഉൾപ്പെടെ ഒമ്പതു സംസ്ഥാനങ്ങൾ 2015 മുതൽ സിബിഐ അന്വേഷണത്തിനുള്ള സമ്മതം പിൻവലിച്ചു. മഹാരാഷ്ട്ര, പഞ്ചാബ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ, ജാർഖണ്ഡ്, ഛത്തീസ്ഗഢ്, കേരളം, മേഘാലയ, മിസോറാം എന്നീ സംസ്ഥാന സർക്കാരുകൾ സിബിഐക്കു തടയിട്ടത് കേന്ദ്രത്തിനു തിരിച്ചടിയായി. ഒരു കാലത്ത് രാജ്യത്തെ പ്രധാന അന്വേഷണ ഏജൻസിയായിരുന്ന സിബിഐ പതിയെ പിൻവാങ്ങുന്നതിനിടെയാണ് ഇ ഡി സജീവമായത്.

▶4




■ വീയെൻ

# സൈക്കോസിനിമകൾ ഉണർത്തുന്ന ഭീഷണികൾ

1960 ലാണ് ആൽഫ്രഡ് ഹിച്ച്കോക്കിന്റെ സൈക്കോ എന്ന സിനിമ പുറത്തിറങ്ങിയത്. ഹിച്ച്കോക്കിന്റെ ഏറ്റവും നല്ല സിനിമയെന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രസ്തുത ചിത്രം മനോരോഗത്തിന്റെ സങ്കീർണതകളെയാണ് അനാവരണം ചെയ്തത്. സൈക്കോ ആയ വ്യക്തിയുടെ ജീവിതത്തിലെ കുറ്റകൃത്യങ്ങളിലൂടെയാണു ചിത്രം മുന്നോട്ടുപോകുന്നത്. അതിനുശേഷം ഇതേ വിഷയം ആസ്പദമാക്കി നിരവധി സിനിമകൾ ലോകത്തിലെ വിവിധ ഭാഷകളിൽ പുറത്തിറങ്ങുകയുണ്ടായി.

മനോരോഗവിശ്ലേഷണത്തിന്റെ ഭാഗമായുള്ള ഒരുപിടി നല്ല സിനിമകൾ മലയാളത്തിലുമുണ്ടായിട്ടുണ്ട്. പെട്ടെന്ന് എല്ലാവരുടെയും മനസ്സിലേക്കു കടന്നുവരുന്ന പേര് മണിച്ചിത്രത്താഴ് എന്നായിരിക്കും. ഡ്യുവൽ പേഴ്സണാലിറ്റിയെന്നോ മൾട്ടിപ്പിൾ പേഴ്സണാലിറ്റിയെന്നോ വിശേഷിപ്പിക്കാവുന്ന, മനോരോഗവൈചിത്ര്യത്തിന്റെ സംഘർഷങ്ങളും രോഗശമനവും അതിജീവനവുമാണ് മലയാളത്തിലെ ക്ലാസിക് ചിത്രങ്ങളിലൊന്നായി വിശേഷിപ്പിക്കാവുന്ന പ്രസ്തുത ചിത്രം പറഞ്ഞത്.

സൈക്കോയെന്നു വിളിക്കാവുന്ന പ്രത്യേകതകൾത്തന്നെയാണ് നായികയായ ഗംഗയുടേത്. ഭൂതകാലത്തിലെ മുറിവുകൾ അനുകൂലസാഹചര്യത്തിൽ മറ്റൊരു രീതിയിൽ പുറത്തുവരികയും അത് അത്യന്തം അപകടകരമായ ഒരു അവസ്ഥയിലേക്കു നീങ്ങുകയും ചെയ്യുമ്പോൾ ആധുനിക മെഡിക്കൽ സയൻസും മന്ത്രവാദവും ഒരേപോലെ പ്രയോഗിച്ച് പരിഹാരം കണ്ടെത്തുകയാണു ചെയ്യുന്നത്.

പക്ഷേ, ഇപ്പോഴത്തെ സിനിമകളിൽ കാണുന്നതുപോലെ മണിച്ചിത്രത്താഴ് ഒരിക്കലും വയലൻസിന്റെ അതിപ്രസരം കൊണ്ടു മലീമസമാകുന്നില്ല എന്നതാണു ശ്രദ്ധേയം. ചോര വീഴ്ത്താതെയും കുറ്റകൃത്യം കാണിക്കാതെയും എങ്ങനെ മനശ്ശാസ്ത്രസിനിമകളെടുക്കാം എന്നതിന് മികച്ച ഉദാഹരണംകൂടിയായിരുന്നു മണിച്ചിത്രത്താഴ്. ഇതേ ഗണത്തിൽത്തന്നെ പെടുത്താവുന്നവയാണ് കെ.ജി ജോർജിന്റെ യവനികയും പത്മരാജന്റെ ഈ തണുത്ത വെളുപ്പാൻകാലത്ത് തുടങ്ങിയ സിനിമകളും.

അക്രമം കാണിക്കാതെയും പ്രേക്ഷകരുടെ മനസ്സു കലക്കാതെയും സൈക്കോളജിക്കലായിത്തന്നെ, സൈക്കോകളുടെ സിനിമകളെടുക്കാമെന്ന് അവർ കാണിച്ചുതന്നു. കലാകാരന്മാരുടെ പ്രതിഭയുടെ സമ്പന്നത മാത്രമല്ല അക്രമരംഗങ്ങളോടുള്ള വൈമുഖ്യവുംകൂടിയാണ് ഇവിടെ വെളിവാകുന്നത്.

പക്ഷേ, കാലം മാറിയപ്പോൾ കഥ മാത്രമല്ല, കഥ പറച്ചിലിന്റെ രീതിയും മാറി. ജീത്തു ജോസഫിന്റെ മെമ്മറീസ് സിനിമയെ പുതിയ കാലത്തെ സൈക്കോ സിനിമകളുടെ തലതൊട്ടപ്പനായി വിശേഷിപ്പിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. അരുംകൊലകളും കൊലപാതകപരമ്പരകളുംകൊണ്ടാണ് ചിത്രം പ്രേക്ഷകരെ ഞെട്ടിച്ചുകളഞ്ഞത്.

സിനിമകളിലെ കൊലപാതക പരമ്പരകളുടെ കാരണക്കാരായി പലപ്പോഴും പ്രേക്ഷകർ കരുതുന്നത് ആകാരവലുപ്പവും വില്ലന്റെ സ്വഭാവപ്രത്യേകതകളുമുള്ള ഏതെങ്കിലുമൊരു കഥാപാത്രത്തെയാണ്. പക്ഷേ, മെമ്മറീസ്, അഞ്ചാം പാതിര, ജോൺ ലൂഥർ തുടങ്ങിയ സിനിമകളിൽ ഈ പതിവ് ലംഘിക്കപ്പെടുന്നുണ്ട്.



വെറും സാധാരണക്കാരാണ് ഇവിടെയെല്ലാം സൈക്കോ ആയി മാറുന്നത്. അഞ്ചാം പാതിരയിൽ ശത്രുക്കളെ വകവരുത്തുന്നത് ഷറഫുദ്ദീൻ എന്ന നടനാണ്. പ്രേക്ഷകരെ അന്നുവരെ ചിരിപ്പിച്ചുകൊണ്ടിരുന്ന ഷറഫുദ്ദീന്റെ ആ പകർന്നാട്ടം ചിത്രത്തിനു പുതുമയും പ്രേക്ഷകർക്ക് അവിശ്വസനീയതയും സമ്മാനിക്കുന്നതിൽ വിജയിച്ചു. പെങ്ങളുടെ അവിഹിതഗർഭവും അപ്പന്റെ ജയിൽവാസവുമൊക്കെച്ചേർന്ന് തികച്ചും ഒറ്റപ്പെട്ട അവസ്ഥയാണ് ആ കഥാപാത്രത്തിന്റെ മനോനിലയിൽ മാറ്റംവരുത്തിയത്. മുതിർന്നപ്പോൾ തങ്ങളുടെ കുടുംബം തകർത്തവരെയെല്ലാം ഇല്ലാതാക്കണമെന്ന തീരുമാനം അവൻ നടപ്പിലാക്കുന്നു. കായികമായി കരുത്തനല്ല അയാൾ. മെമ്മറിസീൽ സൈക്കോ ആയി പ്രത്യക്ഷപ്പെട്ടത് ടിവി സീരിയൽ രംഗത്തെ പ്രശസ്തനായ ശ്രീകുമാറാണ്. ടിവിയിൽ പ്രേക്ഷകരെ ചിരിപ്പിക്കുന്ന ശ്രീകുമാർ സിനിമയിൽ പ്രേക്ഷകരെ പേടിപ്പിക്കുന്നു.

ജോൺ ലൂഥറിലാവട്ടെ കൃശഗാത്രനും സാധാരണക്കാരനുമായ ഒരു തമിഴ്നാട് സ്വദേശിയാണ് സൈക്കോ ആയി മാറുന്നത്. പഴയകാല സിനിമകളിലെ കായികശേഷിയും ദുഷ്ടത്തരവുമുള്ള കഥാപാത്രങ്ങൾ വില്ലന്മാരാകുന്ന പതിവു മാറി ആർക്കും സൈക്കോയാകാനുള്ള സാധ്യതയുണ്ടെന്നാണ് പ്രസ്തുത ചിത്രങ്ങൾ സമർത്ഥിക്കുന്നത്.

സമൂഹത്തിൽ നിലയും വിലയുമുള്ളവരിലും അടിച്ചമർത്തിക്കഴിയുന്ന ഒരു സൈക്കോയുണ്ടെന്നാണ് മുഖം, ഫോറൻസിക്, അമർ അക്ബർ അന്തോണി തുടങ്ങിയ ചിത്രങ്ങൾ പറയുന്നത്. (അമർ അക്ബർ അന്തോണി എന്ന സിനിമയിൽ യഥാർത്ഥത്തിൽ രണ്ടു സൈക്കോ കഥാപാത്രങ്ങളുണ്ട്. ബാലപീഡകരായ അന്യസംസ്ഥാനത്തൊഴിലാളിയും ശ്രീരാമൻ അവതരിപ്പിക്കുന്ന മാന്യനായ റിട്ടയേർഡ് അധ്യാപകനും).

സൈക്കോകളുടെ കൊലപാതകങ്ങൾക്ക് ചിലപ്പോൾ മാത്രമേ പ്രതികാരത്തിന്റെ ഭൂതകാലം ഉണ്ടാവൂ. മറ്റുള്ളതെല്ലാം സൈക്കോളജിക്കലായ പ്രശ്നങ്ങൾ കൊണ്ടു സംഭവിക്കുന്നവയാണ്. അഞ്ചാം പാതിരായിലെ ഷറഫുദ്ദിന്റെ കഥാപാത്രം അത്തരമൊരു ക്രൂരകൃത്യത്തിലേക്കു തിരിയുന്നതിനു കാരണം തന്റെ വേദനാജനകമായ ഭൂതകാലമായിരുന്നു. അതിനു കാരണക്കാരായവരോടായിരുന്നു അവന്റെ പ്രതികാരം. പക്ഷേ, ജോൺ ലൂഥറിലെത്തുമ്പോൾ നിരപരാധികൾപോലും സൈക്കോയുടെ കത്തിമുനയിൽ ഇല്ലാതെയാവുന്നു. മലയാറ്റൂർ പള്ളിയിലേക്കു നേർച്ചയ്ക്കു വരുന്ന സ്ത്രീമുതൽ ബസ് കിട്ടാത്തതിന്റെ പേരിൽ സ്കൂളിലേക്കു നടന്നുപോകുന്ന വിദ്യാർത്ഥിവരെ. കൊടുംക്രൂരതയുടെയും അക്രമങ്ങളുടെയും ദൃശ്യങ്ങൾ സൈക്കോയുടെ പേരിൽ ജോൺ ലൂഥറും ഫോറൻസിക്കും അവതരിപ്പിക്കുന്നുണ്ട്. വിവിധ മൃഗങ്ങളുടെ ജീവനറ്റ ശരീരം വീട്ടിൽ കൊണ്ടുപോയി സൂക്ഷിക്കുന്ന ഒരു കുട്ടിയെ കാണിച്ചുകൊണ്ടാണ് ഫോറൻസിക് ആരംഭിക്കുന്നതുതന്നെ. കുട്ടിയുടെ ഈ വിചിത്രസ്വഭാവം കണ്ട് അച്ഛൻ അവനെ ശിക്ഷിക്കുന്നു. പിന്നീട് അച്ഛനെ മകൻ കൊല്ലുന്നു. തുടർന്നാണ് സിനിമ കേന്ദ്രവിഷയത്തിലേക്കു കടക്കുന്നത്. അച്ഛനെവരെ കൊല്ലാൻ തയ്യാറാകുന്ന ഒരു മകനെ കാണിച്ചുകൊണ്ട് അവന്റെ മനോനില അപ്പടി താളംതെറ്റിയിരിക്കുകയാണെന്നാണ് ചിത്രം സൂചിപ്പിക്കുന്നത്.

ഇങ്ങനെയൊരു കഥാപാത്രത്തെ സിനിമയിലേക്കു പ്രവേശിക്കാനുള്ള സൂചകമായിത്തരുമ്പോൾ ഇനി അയാളിൽനിന്നു പ്രതീക്ഷിക്കാവുന്ന കുറ്റകൃത്യങ്ങളുടെ സ്വഭാവത്തെക്കുറിച്ച് പ്രേക്ഷകന് ഏകദേശധാരണ കിട്ടുകയും ചെയ്യും. അതിനെ സാധൂകരിക്കുന്ന വിധത്തിലാണ് കൊലപാതകപരമ്പര പിന്നീട് അരങ്ങേറുന്നത്, അതും കൊച്ചു പെൺകുട്ടികൾ ഉൾപ്പടെയുള്ളവരുടെ.

സൈക്കോയെന്നാണ് തമിഴിൽ ഏതാനും വർഷം മുമ്പു പുറത്തിറങ്ങിയ ഒരു ചിത്രത്തിന്റെ പേര്. കാർത്തിയുടെ കൈദിപോലെയുള്ള സിനിമകളും സൈക്കോയുടെ അക്രമങ്ങളുടെ നേർക്കാഴ്ചകളായിരുന്നു. ഷങ്കർ-വിക്രം ടീമിന്റെ അന്യൻ സൈക്കോ വേഷപ്പകർച്ചയുടെ മറ്റൊരു ഉദാഹരണമാണ്. സെക്സിന്റെ അതിപ്രസരംകൊണ്ട് എ സർട്ടിഫിക്കറ്റ് ചില സിനിമകൾ നേടിയിരുന്നുവെങ്കിൽ ഇന്ന് അക്രമരംഗങ്ങളുടെ പേരിൽ യുഎ സർട്ടിഫിക്കറ്റാണ് ചില സിനിമകൾക്കു നല്കുന്നത്.

എല്ലാവരിലും ഏറിയും കുറഞ്ഞും ചില മനോരോഗപ്രവണതകൾ ഉണ്ടായെന്നുവരാം. പക്ഷേ, അവയൊരിക്കലും സൈക്കോ തലത്തിലേക്കു മാറുന്നില്ല. ഫഹദ് ഫാസിൽ അവതരിപ്പിച്ച ഒന്നിലധികം കഥാപാത്രങ്ങൾ അസ്വാഭാവികമായ മനോവ്യാപരങ്ങളുള്ളവരാണ്. നോർത്ത് 24 കാതം, മലയൻകുഞ്ഞ്, റോൾ മോഡൽസ് പോലെയുള്ള സിനിമകളിലെ ഫഹദ് കഥാപാത്രങ്ങളെ ഓർമിക്കുക. പക്ഷേ, അവയൊരിക്കലും സൈക്കോയാകുന്നില്ല. എന്നാൽ, സൈക്കോതലത്തിൽ കഥാപാത്രങ്ങളെ അവതരിപ്പിച്ച് അവരുടെ ക്രൂരതകളെ ഭൂതകാലത്തിന്റെ മറവിൽ ന്യായീകരിക്കുമ്പോൾ സംഭവിക്കുന്നത് മറ്റു ചില കാര്യങ്ങളാണ്. മനുഷ്യമനസ്സാക്ഷിയെ നടുക്കിക്കളഞ്ഞ കൂടത്തായ് സംഭവത്തിലെ മുഖ്യപ്രതി ജോളിയെ സൈക്കോയെന്നു ന്യായീകരിച്ച് അവരുടെ ചെയ്തികളെ നിസ്സാരവത്കരിക്കാനുള്ള ശ്രമങ്ങൾ നടന്നത് ഓർമിക്കുക.

മലീമസമായ കാഴ്ചകൾ തുടർച്ചയായിക്കാണുമ്പോൾ അത് നമ്മുടെ ചിന്തയുടെ തലത്തിൽ ഏല്പിക്കുന്ന പരിവർത്തനങ്ങളെ നിസ്സാരമായിട്ടെടുക്കരുത്. പ്രത്യേകിച്ച്, യുവജനങ്ങളിൽ അതേല്പിക്കുന്ന സ്വാധീനങ്ങളെ. രണ്ടോ രണ്ടരയോ മണിക്കൂർ നേരമുള്ള ഒരു സിനിമയുടെ കൂടുതൽ ഭാഗവും സൈക്കോയെയും അയാളുടെ ക്രൂരതകളെയും അനാവരണം ചെയ്യാൻ നീക്കിവയ്ക്കുമ്പോൾ അത്തരം രംഗങ്ങൾ തലച്ചോറിൽ കൂടുകൂട്ടുകയും അതു തെറ്റായ സ്വാധീനമായി മറ്റൊരു സാഹചര്യത്തിൽ പുറത്തേക്കുവരികയും ചെയ്യുന്നു.

സൈക്കോചിത്രങ്ങളോട് ആഭിമുഖ്യം പുലർത്തുകയും വയലൻസ് രംഗങ്ങൾ ആസ്വദിക്കുകയും ചെയ്യുന്ന പുതുതലമുറയെ നാം ഗൗരവത്തിൽ വേണം കാണേണ്ടത്. ഭൂരിപക്ഷവും ഇന്നു കൂടുതലായി കാണാൻ ആഗ്രഹിക്കുന്നത് സൈക്കോ സിനിമകളാണ് എന്നത് നമ്മുടെ യുവജനങ്ങളുടെ മാനസികനിലയിൽവന്ന വലിയൊരു വ്യതിയാനമായിവേണം വിലയിരുത്താൻ. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന പലതരം കുറ്റകൃത്യങ്ങളെയും ഇത്തരം സിനിമകൾ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. ഏതൊരു തെറ്റും അക്രമവും കുറ്റകൃത്യവും സൈക്കോയെന്ന പേരിൽ കുറ്റവിമുക്തമാക്കുന്ന രീതിയും നല്ലതല്ല. ■

# കുതിച്ചുയരുന്ന ഇ ഡി കേസുകൾ

1-ാം പേജ് തുടർച്ച

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അതിവിപുലമായ അധികാരങ്ങളുമായി ബന്ധപ്പെട്ട 2002 ലെ കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമത്തിന്റെ (പിഎംഎൽഎ) ഭരണഘടനാസാധുത സുപ്രീം കോടതി കഴിഞ്ഞ മാസം ശരിവച്ചതോടെ ഇ ഡിക്ക് ഇനി എന്തുമാകാം എന്ന നിലയുണ്ട്. കള്ളപ്പണം വെളുപ്പിക്കൽ നിയമത്തിന്റെ ഭരണഘടനാസാധുതയെയും ഇത്തരം കേസന്വേഷിക്കാനുള്ള ഇ ഡിയുടെ അധികാരത്തെയും ചോദ്യം ചെയ്യുന്ന 200 ലധികം ഹർജികൾ സുപ്രീംകോടതി നിരസിച്ചു. നരേന്ദ്രമോദിസർക്കാരിന്റെ വിമർശകർക്കും രാഷ്ട്രീയ എതിരാളികൾക്കുമെതിരേ ഇ ഡിയും പിഎംഎൽഎയും ദുരുപയോഗം ചെയ്യുന്നുവെന്ന് ആരോപിക്കപ്പെടുന്ന സമയത്താണ് ഈ വിധി വന്നത്.

മോദി സർക്കാർ അധികാരത്തിലെത്തിയശേഷം കഴിഞ്ഞ എട്ടു വർഷത്തിനിടയിൽ, ഇ ഡിയുടെ നടപടികൾ ആറിരട്ടിയായി കൂടി. 2004 നും 2014 നും ഇടയിൽ കോൺഗ്രസ് സർക്കാരിന്റെ കാലത്ത് വെറും 112 റെയ്ഡുകൾ മാത്രമാണ് ഇ ഡി നടത്തിയത്. എന്നാൽ, 2014 നും 2022 നും ഇടയിൽ ബിജെപി ഭരണകാലത്ത് മൂവായിരത്തിലധികം റെയ്ഡുകൾ നടന്നിട്ടുണ്ട്. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (ഫെമ) പ്രകാരം 24,893 കേസുകളും 3,985 കേസുകളും ഇ ഡി കഴിഞ്ഞ പത്തു വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മോദിസർക്കാരിന്റെ ആദ്യവർഷം 915 ഫെമ കേസുകളായിരുന്നത് 2021 – 22 ൽ 5,313 ആയി ഉയർന്നു. ഇതേ കാലയളവിൽ പിഎംഎൽഎയുടെ കീഴിൽ 178 കേസുകൾ ആയിരുന്നത് 2021–22 ൽ 1,180 ആയി ഉയർന്നു.

**ഭരണപക്ഷത്തേക്കു കണ്ണുകളടച്ച്**

ജനാധിപത്യ ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായല്ല കേന്ദ്ര ഏജൻസികളുടെ അധികാരം ചർച്ചാവിഷയമാകുന്നത്. ഭരിക്കുന്ന രാഷ്ട്രീയപ്പാർട്ടികളുടെ ചട്ടുകങ്ങളായി അന്വേഷണ ഏജൻസികൾ മാറുന്നുവെന്നത് വെറും ആക്ഷേപം മാത്രമല്ല. ബോഫോഴ്സ് അഴിമതി അന്വേഷിക്കുന്നതിനിടെ സിബിഐയുടെ അധികാരം ചോദ്യം ചെയ്യപ്പെട്ടിരുന്നു. 2011 ൽ ഈ കേസ് അവസാനിപ്പിച്ചു. പക്ഷേ, ഇന്ന് കേന്ദ്ര ഏജൻസികളെ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരായി പതിവായി ദുരുപയോഗിക്കുന്നു.

ഭരണകക്ഷിയുമായി ബന്ധപ്പെട്ട നേതാക്കൾക്കെതിരേ സിബിഐ, ഇ ഡി, ഐ ടി തുടങ്ങിയ കേസുകളേയില്ല. ബിജെപി ഭരണ സംസ്ഥാനങ്ങളിലെ അഴിമതികൾക്കും കള്ളപ്പണ ഇടപാടുകൾക്കും നേരേ കേന്ദ്ര ഏജൻസികൾ കണ്ണടയ്ക്കുന്നു. ഇ ഡിയും ആദായനികുതിവകുപ്പുമൊക്കെ മുമ്പ് കേസെടുത്ത പലരും ബിജെപിയിലേക്കു കൂറുമാറിയെത്തിയപ്പോൾ ആ കേസുകൾ ഫ്രീസറിലാകുന്നതും പതിവായി.

അന്വേഷണ ഏജൻസികൾക്ക് അന്വേഷിക്കാൻ അർഹതയുണ്ട്. എന്നാൽ, പ്രതിപക്ഷ പാർട്ടികൾക്കെതിരേമാത്രം കേസെടുക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന് ഉത്തരമില്ല. നിയമവാഴ്ചയോടും ഭരണഘടനയോടും വിധേയത്വം പുലർത്തേണ്ട കേന്ദ്ര ഏജൻസികളുടെ നിഷ്പക്ഷത ചോദ്യം ചെയ്യപ്പെടുന്നു. സർക്കാരിനെ വിമർശിക്കുകയും അവരുടെ നയങ്ങളെ വെല്ലുവിളിക്കുകയും ചെയ്യുന്നവർക്കെതിരേ ഏജൻസികൾ ഭയം വളർത്തി കേസെടുക്കുന്നത് ആപത്കരമാണ്.

**വിശ്വാസ്യത വീണ്ടെടുക്കുക പ്രധാനം**

സർക്കാരിനെ ചോദ്യം ചെയ്യുകയും വിമർശിക്കുകയും ചെയ്യുക എന്നതാണ് ആരോഗ്യകരമായ ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന്റെ ചുമതല. സർക്കാരിന്റെ തെറ്റായ നയങ്ങളും നടപടികളും ചോദ്യം ചെയ്യാൻ പ്രതിപക്ഷനേതാക്കളും പാർട്ടികളും മടിച്ചാൽ ജനാധിപത്യം തകരും. മാറിവരുന്ന രാഷ്ട്രീയാധികാരികളിൽനിന്നു കേന്ദ്ര അന്വേഷണ ഏജൻസികൾ അപ്രാപ്യവും സ്വതന്ത്രവുമായിരിക്കണമെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റീസായിരുന്ന എൻ.വി. രമണ പറഞ്ഞതാണു പ്രധാനം. സുതാര്യവും സ്വയംഭരണാധികാരമുള്ളതുമായ സിബിഐ വേണമെന്ന് ജസ്റ്റീസ് ജെ.എസ്. വർമയും ഓർമിപ്പിച്ചിട്ടുണ്ട്.

സ്വതന്ത്രവും സുതാര്യവുമാകുന്നില്ലെങ്കിൽ കേന്ദ്ര അന്വേഷണ ഏജൻസികളുടെ നഷ്ടമാകുന്ന വിശ്വാസ്യത പാടേ തകരും. അനാവശ്യമായ രാഷ്ട്രീയ ഇടപെടലുകളെ ചെറുത്തു തോല്പിക്കാനും നിഷ്പക്ഷമായ അന്വേഷണം ഉറപ്പുവരുത്താനും ജനാധിപത്യ വിശ്വാസികൾ കൂടുതലായി ശബ്ദമുയർത്തേണ്ട കാലമാണിത്. കേന്ദ്ര, സംസ്ഥാന സർക്കാരുകളും നിയമനിർമാണ സഭകളും കോടതികളും ഉദ്യോഗസ്ഥരും മാധ്യമങ്ങളുമെല്ലാം സ്വതന്ത്രമായും സുതാര്യമായും പ്രവർത്തിക്കുക ജനാധിപത്യത്തിൽ അത്യന്താപേക്ഷിതമാണ്.

■

# സിവിൽ സർവ്വീസ് ചതുർദിനക്യാമ്പ്

പാലാ: ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി ഓണാവധിക്കാലത്ത് പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നാലു ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പ് നടത്തുന്നു. വ്യക്തിത്വവികാസവും സിവിൽ സർവീസ് ഉൾപ്പെടെയുള്ള പ്രൊഫഷനുകളും ലക്ഷ്യം വച്ച് സംഘടിപ്പിക്കുന്ന ക്യാമ്പ് സെപ്തംബർ 4 മുതൽ 7 വരെ ആണ്. പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പിൽ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കും. വിശദവിവരങ്ങൾക്ക്. 9539381100, 9539371100

**ദളം ഇരുപത്തിയഞ്ച്**

# തെറ്റായ ചോദ്യവും ശരിയായ ഉത്തരവും






**മോബിൻ മോഹൻ**

അന്ന് അമ്മാളുവാണ് ഉണ്ണീരിയമ്മയുടെ അടുത്ത് ആദ്യം എത്തുന്നത്. അവൾക്ക് ഒരു കുട്ടിക്കഥ കേൾക്കണം. കഥ പറയാൻ തുടങ്ങുമ്പോൾ ഇട്ടിണ്ടാനും ജോണിക്കുട്ടിയും കുഞ്ഞുണ്ണിയും ഓടിയെത്തി. കുഞ്ഞുണ്ണിക്ക് ഒരു ശാസ്ത്രകഥ കേൾക്കണം. ജോണിക്കുട്ടിക്കാവട്ടെ പണ്ടുപണ്ട് എന്നു തുടങ്ങുന്ന ഒരു കഥ കേൾക്കണം. പാവം ഇട്ടിണ്ടാന് ഏതായാലും കുഴപ്പമില്ല, ഒരു കഥ കേട്ടാൽ മാത്രം മതി.

കുറച്ചുനേരം ആലോചിച്ച ശേഷം ഉണ്ണീരിയമ്മ കഥ പറഞ്ഞുതുടങ്ങി:

പണ്ടു പണ്ട് ഒരു രാജാവ് ഉണ്ടായിരുന്നു. കലാകാരന്മാർക്കും പണ്ഡിതർക്കും സവിശേഷമായ സ്ഥാനമാണ് കൊട്ടാരത്തിൽ ഉണ്ടായിരുന്നത്. കൊട്ടാരത്തിൽ സുഖിമാന്മാരായി അവർ ജീവിച്ചു. അതുകൊണ്ടു തന്നെ പുതിയ അറിവുകൾ നേടാനോ പുതിയ കണ്ടെത്തലുകൾ നടത്താനോ അവർ ശ്രമിച്ചില്ല. അറിവിനോടുള്ള തന്റെ ആദരവ് പണ്ഡിതർ ദുരുപയോഗം ചെയ്യുകയാണ് എന്നു മനസ്സിലാക്കിയ രാജാവ് ചില തീരുമാനങ്ങളെടുത്തു.

ഉടൻതന്നെ രാജസദസ്സ് വിളിച്ചു ചേർക്കപ്പെട്ടു. പണ്ഡിതരും നാട്ടുപ്രമാണികളും മന്ത്രിമാരും സേനാനായകരുമെല്ലാം അടങ്ങുന്ന രാജസദസ്സിൽ അദ്ദേഹം ഒരു ചോദ്യം ചോദിച്ചു:

ഒരേ രൂപവും ഒരേ വലിപ്പവുമുള്ള രണ്ടു പാത്രങ്ങളിൽ വക്കൊപ്പം വെള്ളമുണ്ട്. രണ്ടു പാത്രങ്ങളിലേക്കും ഒരേ വലിപ്പമുള്ള രണ്ടു മത്സ്യങ്ങളെ നിക്ഷേപിക്കുന്നു. പക്ഷേ, ഒരു കാര്യമുണ്ട്. ഒന്നിൽ ജീവനില്ലാത്ത മത്സ്യത്തെയാണ് ഇടുന്നത്. രണ്ടാമത്തെ പാത്രത്തിൽ ജീവനുള്ള മത്സ്യത്തെയും. ജീവനില്ലാത്ത മത്സ്യത്തെ ഇട്ട പാത്രത്തിൽനിന്നു വെള്ളം തുളുമ്പിപ്പോകുന്നു. ജീവനുള്ള മത്സ്യത്തെ ഇട്ട പാത്രത്തിൽനിന്നു വെള്ളം തുളുമ്പിപ്പോകുന്നില്ല. ഇതിനു കാരണമെന്താണ്?

പണ്ഡിതന്മാർ തലപുകഞ്ഞ് ആലോചിക്കാൻ തുടങ്ങി. ജീവനുള്ള മത്സ്യം കുറച്ചു വെള്ളം കുടിച്ചുതീർത്തതാവും, ചത്ത മത്സ്യത്തിന്റെ ശരീരം വീർത്ത് ഭാരംകൂടിയതാവാം, രണ്ടു കിണറ്റിലെ വെള്ളമായതുകൊണ്ട് സാന്ദ്രതയിൽ മാറ്റം ഉണ്ടാവാം... തുടങ്ങി നിരവധി ഉത്തരങ്ങൾ പണ്ഡിതന്മാർ പറഞ്ഞു. ഈ ഉത്തരങ്ങളിലൊന്നും രാജാവ് സംതൃപ്തനായില്ല.

ചോദ്യത്തിന് ഉത്തരം നൽകാൻ ഒരാഴ്ച സമയം രാജാവ് നൽകി. പണ്ഡിതന്മാർക്കു മാത്രമല്ല ആർക്കുവേണമെങ്കിലും ഉത്തരം പറയാം. കൃത്യമായ ഉത്തരമെങ്കിൽ അവർക്കു കൈനിറയെ സമ്മാനവും കൊട്ടാരത്തിൽ പ്രത്യേക സ്ഥാനവും നൽകും.

പിന്നീടുള്ള രാത്രികളിൽ പണ്ഡിതന്മാർ ഉറങ്ങിയില്ല. കൈയിലുള്ള പുസ്തകങ്ങളിലെല്ലാം ഉത്തരത്തിനായി പരതി. പണ്ഡിതന്മാർക്കു ലഭിക്കാത്ത ഉത്തരം തങ്ങൾക്കു ലഭിക്കുമോ എന്നു ചിന്തിച്ച് പ്രജകളിൽ നല്ലൊരു ശതമാനവും ഉത്തരത്തിനായി തലപുകച്ചില്ല.

ഒരാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും സദസ്സ് വിളിച്ചുചേർക്കപ്പെട്ടു. രാജാവ് ചുറ്റും നോക്കി. പണ്ഡിതന്മാരുടെയെല്ലാം ശിരസ്സ് താണിരിക്കുന്നു. ചിലരെ അവരുടെ ഇരിപ്പിടത്തിൽ കാണുന്നില്ല.



“ആർക്കെങ്കിലും ഉത്തരം കിട്ടിയോ?” രാജാവ് ചോദിച്ചു.

സദസ്സ് വീണ്ടും നിശ്ശബ്ദമായി.

അപ്പോഴാണ് വിറയലോടെ ഒരു കുട്ടി രാജസദസ്സിലേക്കു കടന്നുവരുന്നത്. എല്ലാവരും അവനെ ഉറ്റുനോക്കി. പണ്ഡിതർക്കു ചിരിവന്നു. ഈ ചെറിയ പയ്യൻ എന്തു മണ്ടത്തരം പറയാനാണു പോകുന്നത്? അവർ അടക്കം പറഞ്ഞു. സദസ്സിന്റെ സമയം വെറുതെ കളയരുതെന്ന് ഒരു പണ്ഡിതൻ കുട്ടിയോടു പറഞ്ഞു. ഇതു കുട്ടിക്കളിയല്ല.

പക്ഷേ, രാജാവ് അവനെ അടുത്തേക്കു വിളിച്ചു.

“നിന്റെ ഉത്തരം ധൈര്യമായി പറഞ്ഞുകൊള്ളൂ.”

“അങ്ങയുടെ ചോദ്യംതന്നെ തെറ്റാണ് മഹാരാജൻ.” അവൻ പറഞ്ഞു.

സദസ്സ് സ്തംഭിച്ചുപോയി. മഹാരാജാവിന്റെ ചോദ്യം തെറ്റാണെന്ന് തിരുമുഖത്തുനോക്കി ഒരു പയ്യൻ പറയുന്നു. ഇനി എന്താണു സംഭവിക്കാൻ പോകുന്നത് എന്നറിയാൻ എല്ലാവരും രാജാവിനെ നോക്കി.

രാജാവ് പുഞ്ചിരിച്ചുകൊണ്ട് കുട്ടിയോടു ചോദിച്ചു:

“ചോദ്യം എങ്ങനെ തെറ്റാവും, നീ വിശദീകരിക്കൂ?”

“മഹാരാജൻ, തുല്യവലിപ്പമുള്ള രണ്ടു പാത്രങ്ങളെടുത്ത് ഒന്നിൽ ജീവനുള്ളതും മറ്റേതിൽ ജീവനില്ലാത്തതുമായ മത്സ്യങ്ങളെ ഇട്ട് പരീക്ഷണം പലതവണ ഞാൻ ആവർത്തിച്ചു. അപ്പോഴെല്ലാം രണ്ടു പാത്രങ്ങളും തുളുമ്പി വെള്ളം പോകുന്നുണ്ട്. അങ്ങനെയെങ്കിൽ ചോദ്യത്തിലല്ലേ തെറ്റ്.”

രാജാവിന്റെ മുഖത്ത് പുഞ്ചിരി വിടർന്നു.

“ശരിയാണ്, നീ പറഞ്ഞത് നൂറു ശതമാനം ശരിയാണ്. എന്റെ ചോദ്യത്തെ നീ കൃത്യമായി വിശകലനം ചെയ്തു, പരീക്ഷണം പലയാവൃത്തി ചെയ്തു നോക്കി. അതുകൊണ്ടാണ് നിനക്കു കൃത്യമായി ഉത്തരം കണ്ടുപിടിക്കാൻ കഴിഞ്ഞത്. എന്നാൽ, പണ്ഡിതർ എന്നു നടിക്കുന്ന ഇവർ ചോദ്യം വിശകലനം ചെയ്യാതെ ഉത്തരത്തിനായി പുസ്തകങ്ങൾ പരതി. ഞാൻ പറഞ്ഞതു ശരിയാണോ എന്നു ചെയ്തു നോക്കുവാനുള്ള ശ്രമം അവർ നടത്തിയില്ല.”

കുട്ടിയെ ചേർത്തുപിടിച്ച് രാജാവ് തന്റെ സിംഹാസനത്തിന്റെ അടുത്തേക്കു ചെന്നു. സിംഹാസനത്തിനടുത്തുള്ള ഒരു ഇരിപ്പിടത്തിൽ അവനെ ഇരുത്തി. കൈകൾ നിറയെ സമ്മാനങ്ങൾ കൊടുത്തു. പണ്ഡിതർ നാണിച്ചു തല താഴ്ത്തി.

“കഥ ഇഷ്ടായോ?” ഉണ്ണീരിയമ്മ ചോദിച്ചു.

‘ഉഷാർ.. കഥ ഉഷാർ..!’ ഇട്ടിണ്ടാൻ പറഞ്ഞു.

“നമ്മുടെ മുന്നിലെത്തുന്ന ഒരു വിഷയം കൃത്യമായി വിശകലനം ചെയ്യുക എന്നതാണ് ഏറ്റവും പ്രധാനം. എല്ലാവർക്കും മനസ്സിലായല്ലോ അല്ലേ?”

ഉണ്ണീരിയമ്മയുടെ ചോദ്യത്തിന് നാലുപേരും ഒരുപോലെ തലയാട്ടി.

■

# ഹോംസയൻസ് ക്ലാസുകൾ

പാലാ: പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസുകൾ ആരംഭിച്ചു. യുവതികൾക്ക് കുടുംബവിജ്ഞാനപരമായ ക്ലാസുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫാബ്രിക് പെയ്ന്റിങ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയിന്റിങ്, മെറ്റൽ എംബോസ്സിങ്, ഹാൻഡ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയ് മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസുകൾ ഉണ്ടാകും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. ഫോൺ: 9496571321.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നീ അമിതമായി ദുഃഖിക്കുകയോ നിന്നെത്തന്നെ മനഃപൂർവം പീഡിപ്പിക്കുകയോ അരുത്.

പ്രഭാഷകൻ 30:21

**എഡിറ്റോറിയൽ**

# ലഹരിക്കടത്തുകേസുകൾ കേരളത്തിൽ പെരുകുന്നുവോ?

സംസ്ഥാനത്ത് കഴിഞ്ഞ കുറേ ആഴ്ചകളായി മയക്കുമരുന്നുപയോഗവും വില്പനയും ഭീതിദമാംവിധം പെരുകുന്ന സാഹചര്യമാണുള്ളത്. ഓണക്കാലത്തെ മദ്യത്തിന്റെ ഒഴുക്കു കണക്കിലെടുത്ത് ലഹരിമാഫിയായെ തളയ്ക്കാൻ എക്സൈസ് വകുപ്പു തുടക്കമിട്ട സ്പെഷൽ ഡ്രൈവ് രണ്ടാഴ്ച പിന്നിടുമ്പോൾ വൻലഹരിവേട്ടയുടെ ഞെട്ടിക്കുന്ന കണക്കാണു പുറത്തുവരുന്നത്.

ഓഗസ്റ്റ് അഞ്ചുമുതൽ 21 വരെ സംസ്ഥാനത്താകെ 5036 കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 1300 പേർ അറസ്റ്റിലായി. ആകെ പിടിച്ചെടുത്ത 205 കിലോ കഞ്ചാവിൽ 135.73 കിലോഗ്രാമും മലപ്പുറത്താണ്. 130.5 ലിറ്റർ സ്പിരിറ്റിൽ 90 ലിറ്ററും ഇടുക്കിയിലാണ്. ആകെ 368.5 ലിറ്റർ ചാരായം പിടിച്ചതിൽ 93.5 ലിറ്ററും എറണാകുളം ജില്ലയിലാണ്. സെപ്റ്റംബർ 12 വരെ മന്ത്രി എം.വി. ഗോവിന്ദൻ പ്രഖ്യാപിച്ച ഓണം സ്പെഷൽ ഡ്രൈവിലെ ആദ്യരണ്ടാഴ്ചത്തെ റിപ്പോർട്ട് ഇപ്രകാരമാണെങ്കിൽ, ഓണദിവസങ്ങളിലെ ലഹരിക്കൊയ്ത്തിന്റെ വരാനിരിക്കുന്ന കണക്കുകൾ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

കഴിഞ്ഞ നാലാഴ്ചയ്ക്കിടെ കോടിക്കണക്കിനു രൂപ വിലവരുന്ന മയക്കുമരുന്നാണ് കേരളത്തിന്റെ പല ഭാഗത്തുനിന്നും കണ്ടെത്തിയത്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ 18 കിലോ മെഥാക്വിനോളുമായി മലയാളിയാത്രക്കാരൻ രണ്ടുദിവസംമുമ്പു പിടിയിലായത് ഒടുവിലത്തെ ഉദാഹരണം. പിടിച്ചെടുത്ത മെഥാക്വിനോളിന് അന്താരാഷ്ട്രവിപണിയിൽ 36 കോടിയോളം രൂപ വിലവരുമെന്നാണു വിലയിരുത്തൽ. സിംബാബ്‌വേയിൽനിന്ന് ഇത് എത്തിയെന്നാണ് റിപ്പോർട്ട്.

നിരോധിത ലഹരിമരുന്നായ എ.ഡി.എം.എ. യും കഞ്ചാവുമായി ഒരു പോലീസുകാരനെയും കൂട്ടാളിയെയും തൊടുപുഴ എക്സൈസ്സംഘം ഈയാഴ്ച പിടികൂടിയതിനു തൊട്ടടുത്ത ദിവസമാണ് തൊടുപുഴ കേന്ദ്രീകരിച്ചുതന്നെയുള്ള മയക്കുമരുന്നുവേട്ടയിൽ ഒരു യുവാവും യുവതിയും കുടുങ്ങിയത്. ഏതാനും ദിവസത്തിനുള്ളിൽ തൊടുപുഴ മാത്രം കേന്ദ്രീകരിച്ചു നടന്ന നാലാമത്തെ ലഹരിവേട്ടയാണിത്.

വിദേശരാജ്യങ്ങളിൽനിന്നും ബംഗളൂരു, ഡൽഹി പോലുള്ള ഇന്ത്യയിലെ വൻനഗരങ്ങളിൽനിന്നുമാണ് ലഹരിമരുന്നുകൾ വൻതോതിൽ കേരളത്തിലേക്കെത്തുന്നതെന്നാണ് രഹസ്യാന്വേഷണ ഏജൻസികളുടെ വിലയിരുത്തൽ. സ്പെയിൻ, ക്രൊയേഷ്യ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽനിന്നും ഉന്നതോദ്യോഗസ്ഥരുടെ അറിവോടും മൗനാനുമതിയോടുംകൂടിയാണ് ലഹരിമരുന്നുകൾ കേരളത്തിലേക്കൊഴുകുന്നത്. ചോക്ലേറ്റുകൾ, കായികോപകരണങ്ങൾ, സൗന്ദര്യസംരക്ഷണോപാധികൾ എന്നിവയുൾപ്പെട്ട പാഴ്സലുകളിൽഒളിപ്പിച്ച നിലയിലായിരുന്നു ലഹരിമരുന്ന്. പഞ്ചാബ് അടക്കമുള്ള അതിർത്തിസംസ്ഥാനങ്ങളിലേക്കും കേരളത്തിലേക്കും പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നെത്തുന്ന മയക്കുമരുന്നിനു കൈയും കണക്കുമില്ലത്രേ.

കേരളത്തിലേക്കെത്തുന്ന മയക്കുമരുന്നുവ്യാപാരത്തിനു തടയിടുക എന്നത് അടിയന്തരപ്രാധാന്യമർഹിക്കുന്ന കാര്യമാണ്. കേന്ദ്രസംസ്ഥാനസർക്കാരുകളും ഇന്റലിജൻസ് വിഭാഗവും കസ്റ്റംസ് അധികൃതരും തുറന്ന കണ്ണുകളോടെ ജാഗ്രത പാലിച്ചേ പറ്റൂ. ഇപ്പോഴത്തെ അഫ്ഗാൻ ഭരണാധികാരികളുമായി സൗഹൃദം പുലർത്താനും ഉഭയകക്ഷി വ്യാപാരബന്ധങ്ങൾ ചർച്ച ചെയ്യാനും ഇന്ത്യ ശ്രമിക്കുമ്പോൾ, അവിടത്തെ പ്രധാന ഉത്പന്നമായ മയക്കുമരുന്നിന്റെ ഒഴുക്കിന് തടയിണമെന്ന് ചർച്ചകളിൽ പങ്കെടുക്കുന്ന ആർക്കെങ്കിലും ഉറക്കെപ്പറയാനുള്ള ഉൾക്കരുത്തുണ്ടാകുമോ എന്നതുമാത്രമാണ് കൗതുകമുണർത്തുന്ന ചോദ്യം.

കേരളത്തെ വിഴുങ്ങുന്ന മയക്കുമരുന്ന് നമ്മുടെ യുവാക്കളുടെ വിദ്യാഭ്യാസത്തെയും തൊഴിലിനെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. നമ്മുടെ സ്കൂൾകുട്ടികളെ ലഹരിയുടെ രുചി പഠിപ്പിച്ച് അവരുടെ ചിന്താശക്തിയെയും സർഗവാസനകളെയും മുരടിപ്പിച്ച് അവരുടെ ഭാവിതന്നെ തകർക്കാനുള്ള നിക്ഷിപ്തതത്പരരുടെ കുത്സിതശ്രമങ്ങൾ ആർക്കും കണ്ടില്ലെന്നു നടിക്കാനാവില്ല. ചെറുതലമുറയുടെ കാവലാളാകേണ്ടവർ അതിജാഗ്രതയോടെ ഉറക്കമിളച്ചു കാത്തിരിക്കേണ്ട കാലമാണിത്. ഒരു നുള്ളു മയക്കുമരുന്നിന് മൂർച്ചയുള്ള മാരകായുധമാകാനും വീര്യമുള്ള സ്ഫോടകവസ്തുവാകാനും നിമിഷനേരം മതിയെന്ന് രക്ഷിതാക്കളും അധ്യാപകരും ബന്ധപ്പെട്ടവരും തിരിച്ചറിയേണ്ടിയിരിക്കുന്നു.

മയക്കുമരുന്നുവേട്ടയുടെ ദൃശ്യങ്ങളും ചൂടൻവാർത്തകളും ഇന്നു മലയാളിക്കു മുന്നിലെത്തുന്നുണ്ടെങ്കിലും പിന്നീട് അതെല്ലാം അട്ടിമറിക്കുന്ന സംഭവങ്ങൾ പതിവുകാഴ്ചയാണ്. രാഷ്ട്രീയ-ഉദ്യോഗസ്ഥ-മയക്കുമരുന്നുമാഫിയാകളുടെ അവിശുദ്ധചങ്ങാത്തമാണ് ഇതിനു പിന്നിലെന്നു പകൽപോലെ വ്യക്തം. മയക്കുമരുന്നു റാക്കറ്റുകൾക്ക് അഭയം കൊടുക്കുന്ന 'വിശുദ്ധ കള്ളന്മാരെ' നിയമത്തിനു മുന്നിലെത്തിക്കാനും ജയിലഴിക്കുള്ളിലാക്കാനും ഇച്ഛാശക്തിയുള്ള ഭരണകൂടമാണാവശ്യം. സ്വർണക്കടത്തുകേസിലും മരംമുറി കേസിലും സംഭവിച്ചതിന്റെ തനിയാവർത്തനങ്ങൾ മയക്കുമരുന്നുകേസുകളിലും കാണേണ്ടിവരുന്നത് ലജ്ജാകരമാണ്. ലഹരിക്കടത്തുപോലുള്ള കൊള്ളരുതായ്മകളോടു കൂട്ടുകൂടുന്നത് സാംസ്കാരികകേരളത്തിന് അപമാനമാണെന്ന് ഉത്തരവാദിത്വപ്പെട്ടവർ തിരിച്ചറിയുന്ന കാലം വേഗം വരട്ടെ എന്നാശംസിക്കുന്നു. ■

# രാഷ്ട്രപതി രാഷ്ട്രപതിതന്നെയായിരിക്കട്ടെ

**ഡോ. സി. ടി. ഫ്രാൻസീസ്**

ഇന്ത്യയുടെ വനിതയായ രാഷ്ട്രപതിയെ രാഷ്ട്രനാഥ എന്നോ രാഷ്ട്രമാതാവ് എന്നോ വിളിക്കാമെന്നൊരു അഭിപ്രായപ്രകടനം ഒരു പ്രമുഖ പത്രത്തിൽ വായിക്കാനിടയായി. എന്നാൽ, ബഹു. രാഷ്ട്രപതിയെ രാഷ്ട്രപതി എന്നുതന്നെ വിളിക്കുന്നതാണ് യുക്തവും അഭികാമ്യവും. ഇതിൽ ശബ്ദത്തിന്റെ ലിംഗഭേദംമൂലമുള്ള അനൗചിത്യമൊന്നും ശങ്കിക്കാനില്ല. എന്തുകൊണ്ടെന്നാൽ, പതി എന്നത് ഒരു സംസ്കൃതപദമാണ്. സംസ്കൃതത്തിലെ ലിംഗവ്യവസ്ഥ തികച്ചും സാങ്കേതികമായ ഒന്നാണ്.

നിയതമായ ലിംഗങ്ങളോടു കൂടിയ പദങ്ങൾ ഏതു ലിംഗത്തിൽ വരുന്ന ശബ്ദങ്ങളോടും ചേർത്തു പ്രയോഗിക്കാറുണ്ട്. 'ഇവൾ എന്റെ കളത്രമാണ്' എന്നോ 'ഇവൾ എന്റെ ധർമദാരങ്ങളാണ്' എന്നോ പ്രയോഗിക്കുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ? ഇതിൽ കളത്രമെന്ന പദത്തിന്ന് നപുംസകലിംഗവും ദാരങ്ങൾ എന്നതിന്ന് നിത്യം ബഹുവചനാന്തമായ പുംലിംഗവുമാണ്. പശുവിനെ ഗോവെന്നു വ്യാപകമായി പറയുന്നുണ്ടല്ലോ! ഗോശബ്ദം പുംലിംഗമാണെന്നത് അധികമാരും ശ്രദ്ധിക്കാത്ത ഒരു വസ്തുതയാണ്. എങ്കിലും "ലക്ഷ്യദൃഷ്ട്യാ സ്ത്രിയാം പുംസി ഗൌഃ" എന്ന് അമരകോശത്തിൽ (പംക്തി 2385) വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ലക്ഷ്യമാക്കപ്പെടുന്നത് പശുവോ കാളയോ എന്നതനുസരിച്ചു ഗോശബ്ദം പുംലിംഗത്തിലോ സ്ത്രീലിംഗത്തിലോ പ്രയോഗിക്കാം. മന്ത്രീ എന്ന പദം നകാരാന്തവും പുംലിംഗവുമാണ് – കരീ, ഹസ്തീ മുതലായ പദങ്ങൾപോലെത്തന്നെ. കരിണീ, ഹസ്തിനീ മുതലായ പദങ്ങൾപോലെ മന്ത്രീ എന്ന പദത്തിന്ന് സ്ത്രീലിംഗരൂപം മന്ത്രിണീ എന്നാണ്. ലോകത്തിൽ ഇത്രയേറെ സ്ത്രീകൾ മന്ത്രിപദമലങ്കരിച്ചിട്ടും, ഇന്ത്യയിൽത്തന്നെ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്നിട്ടും മന്ത്രിശബ്ദത്തിന്ന് ഒരു സ്ത്രീലിംഗരൂപം വേണമെന്ന് ആർക്കും തോന്നിയില്ലല്ലോ. സുകൃതി, സുമതി മുതലായ സ്ത്രീലിംഗപദങ്ങൾ പുരുഷന്മാരെ വിശേഷിപ്പിക്കാനും പ്രയോഗിക്കുന്നുണ്ടല്ലോ.

വ്യാകരണനിയമത്തിൽനിന്ന് അണുവിട വ്യതിചലിക്കാത്ത സംസ്കൃതശാസ്ത്രഗ്രന്ഥങ്ങളിൽത്തന്നെ "വർണാഃ പദം" – 'വർണ്ണങ്ങളാകുന്നു പദം' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ സുലഭമല്ലേ? ഇതിൽ വർണാഃ എന്നത് പുംലിംഗവും പദമെന്നത് നപുംസകലിംഗവുമാണ്. വർണ്ണങ്ങളാണ് പദം എന്നു പറയുന്നതുപോലെത്തന്നെയാണ് വനിതയാണ് രാഷ്ട്രപതി എന്നു പറയുന്നതും. നിയതലിംഗകങ്ങളായ പദങ്ങൾ ഏതു ലിംഗത്തിലുള്ള പദങ്ങളോടും ചേരും. അപ്പോൾ, രാഷ്ട്രപതി എന്ന പദവും മുകളിൽ പറഞ്ഞതുപോലെ ആരെയാണു വിശേഷിപ്പിക്കുന്നത് എന്നതനുസരിച്ച് പുംലിംഗമായോ സ്ത്രീലിംഗമായോ പ്രയോഗിക്കാമെന്നതുതന്നെയാണ് ശാസ്ത്രതാത്പര്യം. ■



## പ്രതികരണം

# എവിടെ സേവകർ? എവിടെയും യജമാനന്മാർ മാത്രം...!

പാലാ ദീപനാളത്തിന്റെ കോളങ്ങളിലൂടെ, (2022 ഓഗസ്റ്റ് 04) നീണ്ട സർക്കാർ സർവീസുകാലത്ത്, താൻ നേരിട്ടനുഭവിച്ചറിഞ്ഞതും ഇപ്പോൾ വർധിച്ച തോതിൽ, നിർബാധം നടന്നുകൊണ്ടിരിക്കുന്നതുമായ പൊതുജനവിഷയങ്ങളാണ് കൊഴുവനാൽ ജോസ് അവതരിപ്പിച്ചിരിക്കുന്നത്.

ഒറ്റയിരിപ്പിനു വായിച്ചുതീർത്തപ്പോൾ, ലേഖനത്തിൽ പറയുന്ന ഓരോ കാര്യവും കൺമുന്നിൽ നടക്കുന്നപോലെ തോന്നി. കേരള പൗരന്മാർ തീർത്താൽ തീരാത്ത ഈ സങ്കടങ്ങൾ പേറി ജീവിക്കാൻ തുടങ്ങിയിട്ട് നാളെത്രയായി..!

ഈ ദുരിതങ്ങളുടെ ആഴവും പരപ്പും ഏവർക്കുമറിയാമെങ്കിലും ജോസ് വെട്ടിത്തുറന്നു പറയുന്നതുപോലെ, വിസ്തരിക്കാൻ അവർക്കു ധൈര്യം പോരാ.

ഫ്രഞ്ചുവിപ്ലവംപോലുള്ള മഹാവിപ്ലവങ്ങൾ, ഈ 'ദൈവത്തിന്റെ നാട്ടിൽ' പണ്ടേ നടക്കേണ്ടതായിരുന്നു. ഷേക്സ്പിയർ ട്രാജഡി, മാക്ബത് തുറക്കുന്നത്, 'Fair is foul and foul is fair'എന്ന വിച്ചസുകളുടെ ആർപ്പുവിളികളോടെയാണ്. കൊഴുവനാൽ ജോസിന്റെ, നാട്ടിൽ നടക്കുന്ന സർക്കാർ കാര്യങ്ങളുടെ വർണനന ശ്രദ്ധിച്ചാൽ ഈ വിച്ചസുകളുടെ അട്ടഹാസം ഓർമവരും. ചുരുക്കിപ്പറഞ്ഞാൽ, ഈ നാടു സജ്ജനങ്ങൾക്കു ജീവിക്കാൻ കൊള്ളാത്തതായി.

വായിച്ചു മരവിച്ചിരിക്കാതെ നാട്ടിലെ പൗരജനം ഉറക്കെ ചിന്തിച്ചു തുടങ്ങുമോ, വല്ലതും ധൈര്യമായി പ്രവർത്തിച്ചുതുടങ്ങുമോ?

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# പ്രാർത്ഥന പടവാളാക്കിയ മരിയസൈന്യം

## ലീജിയൻ ഓഫ് മേരി സ്ഥാപിതമായിട്ട് സെപ്റ്റംബർ 7 ന് 101 വർഷം



**മേരി സെബാസ്റ്റ്യൻ**

1921 സെപ്റ്റംബർ 7. രാത്രി 8 മണി. അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിൻ നഗരത്തിലുള്ള ഫ്രാൻസീസ് സ്ട്രീറ്റിലെ മീരാ മന്ദിരത്തിൽ ഡബ്ലിൻ അതിരൂപതയിലെ മൈക്കിൾ ടോഹെർ എന്ന വൈദികനോടൊപ്പം ബ്രദർ ഫ്രാങ്ക് ഡഫും വളരെ കുറച്ചു കത്തോലിക്കായുവതീയുവാക്കളും പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടി. യോഗപീഠത്തിൽ വെള്ള വിരിപ്പിട്ടു. അമലോദ്ഭവമാതാവിന്റെ തിരുരൂപം സ്ഥാപിച്ചു. ഇരുവശവും ഓരോ പൂച്ചെണ്ടും കത്തുന്ന മെഴുകുതിരികളുമുണ്ടായിരുന്നു. ഏവരും ഒരുമയോടെ മുട്ടുകുത്തി ശിരസ്സു നമിച്ചു. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയോടെ ജപമാല ചൊല്ലുകയും മരിയൻഗീതങ്ങൾ ആലപിക്കുകയും ചെയ്തു. പരിശുദ്ധ അമ്മയുടെ അധ്യക്ഷതയിൽ കൂടിയ ഈ സമ്മേളനത്തിൽ അവർ അമ്മയുടെ നിറസാന്നിധ്യം അനുഭവിച്ചറിഞ്ഞു. അലൗകിക അനുഭൂതി അവരെ പൊതിഞ്ഞു. പിന്നീടങ്ങോട്ട് മുടക്കം കൂടാതെ, കൃത്യസമയത്തുതന്നെ ഇപ്രകാരം പ്രതിവാരസമ്മേളനങ്ങൾ കൂടാൻ തുടങ്ങി. മാത്രമല്ല, തങ്ങൾക്കു ലഭിച്ച അസുലഭമായ കൃപകളും വരങ്ങളും ലോകം മുഴുവൻ അറിയണമെന്ന് അവർ തീക്ഷ്ണമായി ആഗ്രഹിച്ചു.

പരിശുദ്ധ മറിയത്തിന്റെ ജനനത്തിരുനാളിന്റെ തലേന്നു തുടക്കം കുറിച്ച ഈ സംഘടനയ്ക്ക് ലീജിയൻ ഓഫ് മേരി അഥവാ മരിയസൈന്യം എന്നു പേരിട്ടു. ഇതിന്റെയെല്ലാം പിന്നിൽ പരിശുദ്ധ അമ്മയുടെ ഒരു മുൻനിശ്ചയമുണ്ടായിരുന്നുവെന്നത് കാലം കയ്യൊപ്പുചാർത്തിയ ഒരു ചരിത്രയാഥാർത്ഥ്യമായി ഭവിച്ചു! അതുപോലെതന്നെ അമ്മയുടെ അദൃശ്യകരങ്ങളും കരുണാർദ്രസ്നേഹവും കരുതലുള്ള സാരഥ്യവുമാണ് ലീജിയൻ ഓഫ് മേരിയെ ആധുനികലോകത്തിലെ ഒരദ്ഭുതമാക്കി മാറ്റിയത്.

റോമൻ സൈനികവ്യൂഹത്തെയാണ് ലീജിയൻ മാതൃകയായി സ്വീകരിച്ചത്. ലീജിയൻ എന്ന വാക്കുതന്നെ റോമൻ കാലാൾ സൈന്യത്തിലെ 6000 പേരടങ്ങുന്ന ഒരു വിഭാഗത്തെയാണു സൂചിപ്പിക്കുന്നത്. റോമൻനാമങ്ങളായ പ്രസീദിയം, കൂരിയ, കമ്മീസിയം, സെനാത്തൂസ്, കൺസീലിയം എന്നീ നാമങ്ങളാണ് ലീജിയൻ ഓഫ് മേരിയുടെ വിവിധ തസ്തികകൾക്കു നൽകിയിരിക്കുന്നത്. സൈനികനു സേനാധിപനോടുള്ള വിശ്വസ്തതയും അർപ്പണബോധവുംപോലെയാണ് മരിയൻ സൈനികർ സൈന്യാധിപയായ പരിശുദ്ധ അമ്മയോടു ചേർന്നുനിന്നു തിന്മയുടെ ശക്തികളോടു പോരാടുന്നത്. ഇന്നു ലോകം നേരിടുന്ന സമസ്ത ദുരവസ്ഥകൾക്കുമുള്ള പരിഹാരമാർഗങ്ങൾ ലീജിയൻ തത്ത്വസംഹിതകളിൽ നിക്ഷിപ്തമാണ്. ലീജിയന്റെ പൊതുസ്വത്താണ് അതിന്റെ നിയമഗ്രന്ഥം.



ഡബ്ലിനിൽ തുടങ്ങിയ ആദ്യ പ്രസീദിയം മുടക്കംകൂടാതെയും ഭക്തിനിർഭരമായും നടത്തിയിരുന്നെങ്കിലും 1925 ലാണ് മരിയൻ സൈന്യം എന്ന പേര് ഔദ്യോഗികമായി നിലവിൽവന്നത്. 1928 ൽ സ്കോട്ട്ലന്റിലുള്ള ഗ്ലാസ്തോ നഗരത്തിൽ ഒരു പ്രസീദിയംകൂടി സംജാതമായി. അതിനടുത്തവർഷം ലണ്ടനിലും ഒരു ശാഖ സ്ഥാപിതമായി. ഈ ലീജിയൻ പ്രസീദിയത്തിലെ ഒരംഗമായിരുന്ന സിസ്റ്റർ മെക്കൻസി സ്മിത്ത് മദ്രാസിലെത്തിച്ചേരുകയും ഒരു പ്രസീദിയം സ്ഥാപിക്കുകയും ചെയ്തു. ഈ പ്രസീദിയമാണ് ഇന്ത്യയിലെ ആദ്യത്തെ ലീജിയൻ ഓഫ് മേരി. രണ്ടാമതു സ്ഥാപിതമായത് കേരളത്തിലാണ്. അതു കേരളത്തിലെ ഏറ്റവും വലിയ കത്തോലിക്കാകേന്ദ്രവും ദൈവവിളിയുടെ പിള്ളത്തൊട്ടിലുമായ പാലായിലാണെന്നത് ഏറെ ശ്രദ്ധേയംതന്നെ!

1940 ഓഗസ്റ്റ് 15 ന് പാലാ ളാലം പള്ളിയിൽ സ്ഥാപിതമായ ലീജിയൻ ഓഫ് മേരിയുടെ ഉദ്ഭവത്തിനു കാരണഭൂതനായ ബഹു. അഗസ്റ്റിൻ ചിലമ്പിക്കുന്നേലച്ചനെ കുറിച്ചുള്ള ഒരു വിചിന്തനത്തിനുകൂടി ഇവിടെ പ്രസക്തിയേറുന്നു. മാത്രമല്ല, ഉറവിടം മറന്നുകൊണ്ടുള്ള ഓർമകൾ അപൂർണമാണല്ലോ. തികഞ്ഞ മരിയ ഭക്തനും ആത്മീയാചാര്യനുമായിരുന്ന അഗസ്റ്റിനച്ചൻ സഭാസംബന്ധമായ കാര്യങ്ങൾക്കായി ട്രെയിൻ മാർഗം മദ്രാസിലേക്കു യാത്രതിരിച്ചു. മദ്രാസിലെത്തിയപ്പോൾ അവിടത്തെ തെരുവീഥികൾ തോരണങ്ങൾ ചാർത്തിയും പുഷ്പാലംകൃതമായും കാണപ്പെട്ടു. മാത്രമല്ല, പേപ്പൽ പതാകകളും കത്തിച്ച മെഴുകുതിരികളുമായി അമലോദ്ഭവമാതാവിന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള ഒരു വമ്പിച്ച റാലി നടക്കുന്നതായും കണ്ടു. വിസ്മയ ഭരിതനായ അച്ചൻ ഈ റാലിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുകൊണ്ടാണ് കേരളത്തിലേക്കു മടങ്ങിയത്. അതിനുശേഷം അയർലണ്ടിലെ ലീജിയൻ ഓഫ് മേരിയുടെ ആസ്ഥാനവുമായി ബന്ധപ്പെടുകയും അതിന്റെ നിയമാവലിയും പ്രവർത്തനരൂപരേഖകളും വരുത്തി വിശദമായി പഠിക്കുകയും ചെയ്തു. പിന്നീട്, പാലാ ളാലം പള്ളിയിൽ ഒരു പ്രസീദിയം സ്ഥാപിക്കുകയും മരിയഭക്തി പ്രചരിപ്പിക്കുകയും ചെയ്തു.

ചിലമ്പിക്കുന്നേലച്ചന്റെ വലംകൈയായി പ്രവർത്തിച്ച ഒരു അല്മായപ്രേഷിതനായിരുന്നു കവീക്കുന്ന് ഇടവകയിൽപ്പെട്ട സി.കെ. തോമസ് ചീരാംകുഴി. അധ്യാപകനും സംഘടനാപ്രവർത്തകനുമായിരുന്ന അദ്ദേഹം ലീജിയൻ ഓഫ് മേരിയുടെ ചുക്കാൻ പിടിക്കാൻ അഗസ്റ്റിനച്ചനൊപ്പംനിന്ന ധീരപോരാളിയായിരുന്നു. അവർ കേരളസഭയുടെ മുക്കിലും മൂലയിലും കടന്നുചെന്ന് മൂന്നു റീത്തുകളിലുമായി അനവധി പ്രസീദിയങ്ങൾ സ്ഥാപിച്ചു. ലീജിയന്റെ പതാക കേരളമാകെ പാറിപ്പറന്നു!




1965 ജനുവരി 16 ന് അന്നത്തെ രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ മഹനീയസാന്നിധ്യത്തിൽ തിരുവനന്തപുരം ആർച്ചുബിഷപ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടും അയർലണ്ടിലുള്ള കൺസീലിയത്തിന്റെ പൂർണ ഉത്തരവാദിത്വത്തോടും സഹകരണത്തോടും കൂടി കേരള സെനാത്തൂസ് പാലായിൽ സ്ഥാപിതമായി. അതോടെ കേരളത്തിന്റെ മൂന്നു റീത്തുകളിലുംപെട്ട ലീജിയൻ ഭാരവാഹികൾ മാസംതോറും സെനാത്തൂസിൽ സംബന്ധിക്കാൻ പാലായിലെത്തിക്കൊണ്ടിരുന്നു. പൗലോസ് നട്ടു, അപ്പോളോ നനച്ചുവെന്ന് വിശുദ്ധഗ്രന്ഥം ഓർമിപ്പിക്കുന്നതുപോലെ കാലാകാലങ്ങളിൽ സംഘടനയുടെ വളർച്ചയ്ക്ക് ഉത്തേജനം പകർന്നുകൊണ്ടിരുന്ന നിരവധി സാരഥികൾ മൺമറഞ്ഞുപോയെങ്കിലും പൈതൃകപരിപാലനം നൽകി പോഷിപ്പിച്ചുകൊണ്ടിരിക്കുന്ന ആധ്യാത്മികനിയന്താക്കളും ഭരണസാരഥ്യം വഹിക്കുന്ന തീക്ഷ്ണമതികളായ അല്മായ പ്രേഷിതരുമാണ് സംഘടനയുടെ നെടുംതൂണുകൾ.

കേരളത്തിലെ വിവിധ ഹയരാർക്കികളുടെ കീഴിലുള്ള ലീജിയൻ കമ്മീസിയങ്ങളുടെ കേന്ദ്രമായ പാലായിലെ സെനാത്തൂസിന്റെ രക്ഷാധികാരി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവും രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലുമാണ്.

175 ലധികം രാജ്യങ്ങളിലായി മൂന്നരക്കോടിയോളം അംഗങ്ങളാണ് ഈ സംഘടനയിലുള്ളത്. അമ്പത്തിയഞ്ചോളം ഭാഷകളിൽ നിയമഗ്രന്ഥവും തെസ്സേരപുസ്തകവും വിരചിതമായിട്ടുള്ള മഹാസംഘടന, ഇപ്പോൾ 101-ാം വയസ്സിന്റെ നിറവിലാണ്. പരിമിതമായ കാലയളവിനുള്ളിൽ മരിയസൈന്യം വിശ്വവ്യാപകമായിത്തീർന്നതിന്റെ നിഗൂഢരഹസ്യം അതിന്റെ നിയന്താവും സംരക്ഷകനും ഗുരുനാഥയും പരിശുദ്ധ മറിയം ആണെന്നുള്ളതു മാത്രമാണ്. ആയുധങ്ങൾ എടുക്കുവിൻ എന്ന് ലോകസൈന്യം ആക്രോശിക്കുമ്പോൾ ജപമാല എടുക്കുവിൻ എന്ന് മരിയസൈന്യം പ്രഘോഷിക്കുന്നു. ഈ സംഘടനയുടെ സ്ഥാപകനും ദൈവദാസനുമായ ഫ്രാങ്ക് ഡഫ് എന്ന പുണ്യചരിതനും മരിയൻ സൈനികരുടെ മാതൃകയും മധ്യസ്ഥയുമായ വാഴ്ത്തപ്പെട്ട എഡൽ ക്വിൻ മേരിയും മരിയൻസൈനികരുടെ പ്രകാശഗോപുരങ്ങളായി നിലകൊള്ളുന്നു. ആരവങ്ങളോ ആർഭാടങ്ങളോ ആഘോഷങ്ങളോ ഒന്നുമില്ലാതെ പ്രാർത്ഥന പടവാളായി നിതാന്തജാഗ്രതയോടെ സഭയുടെ ഉറയേറിയ ഉപ്പായി വർത്തിക്കുന്ന മരിയൻ സൈനികർ മംഗളഗാനം പാടട്ടെ! ആവേ മരിയ!

■



ദൈവദാസൻ ഫ്രാങ്ക് ഡഫ്



ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ



*പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബ്യൂട്ടിഫുൾ മൈൻഡ്സ് പദ്ധതി ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. മാനേജർ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ബർക്കുമാൻസ് കുന്നുംപുറം, റെയ്ച്ചൽ കുര്യൻ മേടയിൽ ഐ.ആർ. എസ്., ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, പ്രിൻസിപ്പൽ ഡോ. വി. വി. ജോർജ്ജുകുട്ടി, വൈസ് പ്രിൻസിപ്പൽ ഡോ. ബേബി തോമസ്, ഡോ. റ്റി.സി. തങ്കച്ചൻ, ജോബി സെബാസ്റ്റ്യൻ, അഡ്വ. ജെയിംസ് വടക്കൻ മുതലായവർ സമീപം.*



നോവൽ 28

ഗിരീഷ് കെ. ശാന്തിപുരം

**തി**രുവിതാംകോട്ടെ തടവുകാലത്ത് ബ്രാഹ്മണർ അവസാനമായി ഒരുവട്ടംകൂടി ദേവസഹായത്തിന്റെ സമീപത്തെത്തി. ദേവസഹായത്തെ ഹിന്ദുമതത്തിലേക്കു മടക്കിക്കൊണ്ടുവരാനുള്ള അവസാനശ്രമമായിരുന്നത്.

ഇത്ര പീഡനങ്ങളനുഭവിച്ചിട്ടും തൂക്കുമരത്തിന്റെ നിഴലിലാണു താൻ നില്ക്കുന്നതെന്നറിഞ്ഞിട്ടും സത്യവേദം ഉപേക്ഷിക്കാൻ തയ്യാറാകാത്ത നീലകണ്ഠന്റെ മുമ്പിൽ തങ്ങൾ പരാജയപ്പെടുകയാണെന്നു ബ്രാഹ്മണർക്കു മനസ്സിലായി.

സത്യവേദത്തിനുമുമ്പിൽ തങ്ങൾ മാത്രമല്ല തങ്ങളുടെ മതവും ദേവീദേവന്മാരുമാണു പരാജയപ്പെടുന്നത്. അങ്ങനെയൊരു കാഴ്ച അവർക്കു സഹിക്കാവുന്നതിലുമധികമായിരുന്നു.

ദേവസഹായത്തെ എങ്ങനെയും വധിച്ചുകളയുക എന്നതിനപ്പുറം തങ്ങളുടെ വിജയമുറപ്പിക്കാൻ നീലകണ്ഠനെ ഹിന്ദുമതത്തിലേക്കു മടക്കിക്കൊണ്ടുവരികയാണ് അഭികാമ്യം. അങ്ങനെ വന്നാൽ സത്യവേദം പരാജയപ്പെടും. തങ്ങളുടെ വിശ്വാസമാണു ശരിയെന്നു വിധിക്കപ്പെടും. തങ്ങളുടെ ദേവീദേവന്മാർ ബഹുമാനിതരാകും.

ഇക്കുറി വളരെ സൗമ്യമായും സ്നേഹത്തോടെയുമാണ് ബ്രാഹ്മണപുരോഹിതർ ദേവസഹായത്തെ സമീപിച്ചത്. അവർ പറഞ്ഞു:

''ഹേയ് നീലകണ്ഠാ, നീ സൽസ്വഭാവിയും ഉന്നതകുലജാതനും ബുദ്ധിമാനും വിദ്യാസമ്പന്നനുമായിരുന്നല്ലോ. ഈ നീചമതത്തിൽ ചേർന്നതുകൊണ്ടല്ലേ ഇങ്ങനെയൊക്കെ അനുഭവിക്കേണ്ടിവന്നത്. ഇങ്ങനെ തുടർന്നാൽ ഇനിയും കൂടുതൽ കഷ്ടതകൾ അനുഭവിക്കേണ്ടിവരും. ആയതിനാൽ, ഇപ്പോൾത്തന്നെ ഈ നികൃഷ്ടമതം ഉപേക്ഷിച്ച് ഞങ്ങളോടൊപ്പം നമ്മുടെ ദേവീദേവന്മാരെ ആരാധിക്കുക."

"അങ്ങനെ ചെയ്താൽ നിന്റെ സ്ഥാനമാനങ്ങളും യശസ്സും മഹിമയുമെല്ലാം നാലിരട്ടിയായി തിരിച്ചുകിട്ടും. രാജാവ് നിന്നിൽ സംപ്രീതനാകും. നിന്റെ ഭാര്യയോടും കുടുംബക്കാരോടുമൊപ്പം സസുഖം ബഹുമാന്യനായി ജീവിക്കാം."

ബ്രാഹ്മണരെ സാകൂതം കേട്ടിരുന്ന ദേവസഹായം സൗമ്യനായി അവരോടു ചോദിച്ചു:

"നിങ്ങളുടെ പുരാണേതിഹാസങ്ങളും ഓരോരോ അമ്പലങ്ങൾ വഴി നടക്കുന്ന ഹീനപ്രവൃത്തികളും ദേവീപ്രസാദത്തിനായി ഓരോരുത്തർ നടത്തുന്ന ഹീനാചാരങ്ങളും നിങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കിയിരുന്നെങ്കിൽ ക്രിസ്തുമതത്തെ ഹീനമതമെന്നു നിങ്ങളൊരിക്കലും ആക്ഷേപിക്കുമായിരുന്നില്ല."

"ശ്രേഷ്ഠനായിട്ടുള്ളവൻ ഏതേതാചരിക്കുന്നുവോ അതുതന്നെ അന്യജനങ്ങൾ ചെയ്യുന്നു. ശ്രേഷ്ഠൻ ഏതൊന്നിനെ പ്രമാണമായി കരുതുന്നുവോ അതുതന്നെ ജനങ്ങളും അനുസരിക്കുന്നു."

"ഇങ്ങനെ ശ്രീകൃഷ്ണൻ അർജുനനോടുപദേശിക്കുന്നതായി ഭഗവദ്ഗീതയിൽ കാണാം. പക്ഷേ, നിങ്ങളുടെ ദേവന്മാരും പുരാണനായകന്മാരും പ്രവർത്തിക്കുന്നതനുസരിച്ച് ആരെങ്കിലും ഇന്ദ്രിയനിഗ്രഹമില്ലാതെ ജീവിക്കുകയാണെങ്കിൽ അവർക്കു വൈകുണ്ഠം ലഭ്യമാകുമെന്നു കാര്യകാരണങ്ങൾ സഹിതം പ്രതിപാദിക്കാൻ കെല്പുള്ള ഒരു വേദാന്തി നിങ്ങളുടെ ഇടയിലുണ്ടോ?"

തേളിന്റെ കുത്തേറ്റതുപോലെ ബ്രാഹ്മണർ ഒന്നു പിടഞ്ഞു. ദേവസഹായത്തിന്റെ ചോദ്യത്തിനു മുമ്പിൽ അവരുടെ നാവുറഞ്ഞുപോയി.

"നിങ്ങളുടെ ക്ഷേത്രങ്ങളിലും രഥങ്ങളിലുമൊക്കെ കാണുന്ന രതിശില്പങ്ങളും ചിത്രങ്ങളുമെല്ലാം സാധാരണക്കാരായ കാണികൾക്ക് ഏതു വിധത്തിലുള്ള വികാരമാണു ജന്യമാക്കുന്നതെന്ന് നിങ്ങൾക്കു നിശ്ചയമുണ്ടോ?"

"സച്ചിദാനന്ദസ്വരൂപിയായ ഈശ്വരനെ ഹൃദയത്തിൽ ധ്യാനിച്ച് ബ്രഹ്മാനന്ദം അനുഭവിക്കാൻ ക്ഷേത്രങ്ങളിൽപോകുന്ന നിങ്ങളുടെ മനസ്സ് ഈശ്വരനിൽ ചെന്നുചേരുന്നോ അതോ, കാമക്രോധമോഹചിത്തവൃത്തിക്കധീനമായി ലോകത്തെ മാത്രം ആശ്രയിക്കുന്നോ?"



"ഇതൊന്നും സൂക്ഷ്മമായി പഠിക്കാതെ വേദാന്തികളെന്നു സ്വയം നടിക്കുന്ന നിങ്ങളാണോ ക്രിസ്തുമതത്തെ നീചമതമെന്നു പറയുന്നത്? ജലത്തിൽക്കിടന്ന മത്സ്യം ജലത്തിന്റെ ഭാരമറിയാത്തതുപോലെ അജ്ഞതയിൽ മുങ്ങിക്കിടക്കുന്ന നിങ്ങൾ യഥാർത്ഥ ജ്ഞാനമെന്തെന്ന് അറിയുന്നില്ല. വേദവാക്യങ്ങൾ മനഃപാഠം പഠിച്ച് അവസരത്തിലും അനവസരത്തിലും പ്രയോഗിക്കുന്ന വിദ്യയല്ല ജ്ഞാനം."

"അതുകൊണ്ട് ദൈവത്താൽ സുസ്ഥാപിതവും മനുഷ്യബുദ്ധിക്കും അവന്റെ രക്ഷയ്ക്കും യോജിച്ചതുമായ ക്രിസ്തുമതം സ്വീകരിച്ച് നിങ്ങളും പുണ്യാത്മാക്കളായി ജീവിക്കുക."

സത്യവേദം ഉപേക്ഷിക്കുന്നതിലേക്ക് ഉപദേശിക്കാൻ വന്ന ബ്രാഹ്മണപുരോഹിതർ ക്രിസ്തുമതം സ്വീകരിക്കാനുള്ള ദേവസഹായത്തിന്റെ ഉപദേശം കേട്ടപ്പോൾ ലജ്ജിതരും കോപിഷ്ഠരുമായി. അദ്ദേഹത്തെ പൂർവാധികം പീഡിപ്പിക്കാൻ അധികാരികളോട് ഏർപ്പാടാക്കി മടങ്ങി.

ശേഷം, തിരുവിതാംകോട്ടിൽ ദേവസഹായത്തിനു ലഭിച്ചിരുന്ന ശിക്ഷ കഠിനവും ക്രൂരവുമായിരുന്നു. പതിവുപോലെ ദിവസവും മുപ്പതടി. ഭടന്മാരുടെ ഉത്സാഹമനുസരിച്ച് അടിയുടെ എണ്ണം ഇരട്ടിയോ അതിലുമേറെയോ ആകും. അടികൊണ്ടു വീണ്ടും വീണ്ടും പിളരുന്ന വ്രണങ്ങളിൽ ഭടന്മാർ മുളകുകുഴമ്പ് തേച്ചുപിടിപ്പിക്കും.

ദേവസഹായം നീറ്റൽകൊണ്ടു പുളഞ്ഞു. ചിലപ്പോൾ വളഞ്ഞുകുത്തി പൂഴിയിൽ തലയമർത്തി. ശരീരത്തിലൂടെ പരശതം ചൂണ്ടക്കൊളുത്തുകൾ ആഴ്ന്നിറങ്ങുകയാണ്. പല്ലുകൾ കൂട്ടിയുരുമ്മി അദ്ദേഹം വേദനയ്ക്കു കോട്ടകെട്ടി.

ഓരോ ദിവസം കഴിയുംതോറും അടിയുടെയും മുളകുകുഴമ്പിന്റെയും പ്രഹരശേഷിയെ അല്പാല്പമായി പ്രതിരോധിക്കാൻ ദേവസഹായത്തിന്റെ ശരീരം കെല്പാർജിച്ചു തുടങ്ങി. അടിയും മുളകുപ്രയോഗവും ഒരു പരിധിയിലധികം ബാധിക്കുന്നില്ലെന്നു കണ്ട ഭടന്മാർ ഒരു ദിവസം മുളകുപ്രയോഗം നടത്തിയില്ല. പതിവുസമയം കഴിഞ്ഞിട്ടും മുളകു പുരളുന്നില്ലെന്നു കണ്ട ദേവസഹായം ഭടന്മാരോടു പറഞ്ഞു:

"സഹോദരന്മാരേ, നിങ്ങൾ ദിനവും പുരട്ടുന്ന മരുന്ന് പുരട്ടാത്തതുകൊണ്ട് എനിക്കെന്തോ അസുഖം തോന്നുന്നു."

ദേവസഹായത്തിന്റെ വാക്കുകൾ പരിഹാസദ്യോതകമായാണു ഭടന്മാർക്കു തോന്നിയത്. കോപമടക്കാനാവാതെ അവർ ഒരു കരിഞ്ചൂരമുൾച്ചെടി ചുവടെ പിഴുതുകൊണ്ടുവന്നു ദേവസഹായത്തിന്റെ ശരീരമാകെ അടിച്ചുകീറി. പതിവിലും കൂടുതൽ മുളകരച്ചു പുരട്ടി വെയിലത്തുകൊണ്ടിരുത്തി.

ദേവസഹായത്തിനന്ന് കഠോരമായ നീറ്റൽ അനുഭവപ്പെട്ടു. കരിഞ്ചൂരമുള്ളുകൾ ആഴ്ന്നു കീറാത്ത ഒരു സ്ഥലവും ശരീരത്തു ബാക്കിയുണ്ടായിരുന്നില്ല.

സൂര്യന്റെ കഠിനജിഹ്വകൾ അഗ്നിസർപ്പങ്ങളെപ്പോലെ ദേവസഹായത്തിനെ ദംശിച്ചു. മുളകുകുഴമ്പ് രക്തത്തിലും വിയർപ്പിലും അലിഞ്ഞൊഴുകി നിലത്തുവീണു.

ദേവസഹായം ശബ്ദിച്ചില്ല. ദേവസഹായത്തിന്റെ നെഞ്ച് പെരുമ്പറപോലെ മിടിക്കുന്നുണ്ടായിരുന്നു. ഉദരത്തിൽ കുടൽമാലകൾ പുളഞ്ഞു. അദ്ദേഹം ഒരു കവിൾ ഛർദ്ദിച്ചു. കുറച്ചു മഞ്ഞനീരുമാത്രം പുറത്തേക്കു വന്നു.

''ഇവൻ താമസമില്ലാതെ മരിക്കും.'' ഭടന്മാർ പറഞ്ഞു. അങ്ങനെയൊരു നിമിഷത്തിനായി അവർ കാത്തിരുന്നു, കാഴ്ചക്കാരിൽ ചിലരും.

പക്ഷേ, ഒന്നും സംഭവിച്ചില്ല. അഗ്നി വർഷിച്ച സൂര്യനും ദേവസഹായത്തിന്റെ മരണമാഗ്രഹിച്ച ഭടന്മാരും പരാജയപ്പെട്ടു. സൂര്യൻ ചായുവോളം ദേവസഹായം അങ്ങനെ കിടന്നു.

അപ്പോൾ ഭടന്മാരെ അവഗണിച്ചുകൊണ്ട് ശെൽവൻ ദേവസഹായത്തിനടുത്തേക്കു വന്നു. അദ്ദേഹത്തെ എഴുന്നേല്പിച്ച് ഒരു മരത്തിന്റെ ചുവട്ടിൽ കൊണ്ടുചെന്ന് ചാരിയിരുത്തി. കൈയിലിരുന്ന പാത്രത്തിൽനിന്ന് വെള്ളം പകർന്നു കൊടുത്തു.

ദേവസഹായം ആവോളം പാനം ചെയ്തു. പിന്നെയും നിമിഷങ്ങൾ കഴിഞ്ഞാണ് തനിക്ക് ദാഹജലം പകർന്നുതന്ന ആളെ കണ്ടത്. ഒരു മിന്നൽപ്പിണർ ദേവസഹായത്തിലൂടെ കടന്നുപോയി. കെട്ടുപോയ ഓർമയുടെ ഗുഹാന്തരങ്ങളിലെവിടെയോ ഒരു വെട്ടം മിന്നി.

'മാണിക്യൻ.' അദ്ദേഹത്തിൽനിന്നു ക്ഷീണിച്ച ഒരു ശബ്ദം പുറത്തുവന്നു.

"അല്ല പെരിയവരേ... ശെൽവരാജ്."

അപ്പോഴാണ് ദേവസഹായം ഓർമിച്ചെടുത്തത്. മാണിക്യൻ പഴയ കരുവാൻ മാണിക്യനല്ല. സത്യവേദം സ്വീകരിച്ച് പുതുക്കം പ്രാപിച്ചവനാണ്. സ്നാനത്താൽ ശെൽവരാജ് എന്ന നാമം സ്വീകരിച്ചവൻ. താനാണല്ലോ ഇവനെ വടക്കുംകുളത്ത് പരംജ്യോതിനാഥസ്വാമികളുടെ അടുത്തു കൊണ്ടുപോയത്. താനാണല്ലോ ഇവന്റെ തലതൊട്ടപ്പൻ.

ദേവസഹായം ചോരയണിഞ്ഞ കരങ്ങളുയർത്തി ശെൽവന്റെ ശിരസ്സിൽ തലോടി. ദൈവത്തിന്റെ കരങ്ങൾ ശിരസ്സിൽ പതിയുന്നതുപോലെയാണ് ശെൽവനപ്പോൾ തോന്നിയത്. ഒരു തരിപ്പ്, ഒരു തണുപ്പ് ശെൽവന്റെ ശിരസ്സിൽനിന്നു താഴേക്കിറങ്ങുന്നു.

ദേവസഹായത്തിന്റെ സഹനങ്ങൾ വൃഥാവിലല്ലെന്ന് ശെൽവത്തിന്റെ മനസ്സ് മന്ത്രിക്കുന്നു. അമൂല്യമായതെന്തോ സ്വർഗത്തിൽ ദൈവം ഈ മനുഷ്യനായി കാത്തുവച്ചിരിക്കുന്നു.

ദേവസഹായത്തിനെ നോക്കിയിരുന്നപ്പോൾ ശെൽവത്തിന്റെ മനസ്സ് കലങ്ങിപ്പോയി. അവൻ ഹൃദയത്തിൽ ഒരു ഭാരം അനുഭവിച്ചു.

തന്റെ ആലയുടെ മുമ്പിൽ എല്ലാ പ്രഭാതത്തിലും ഒരു മെതിയടി ശബ്ദം കേൾക്കും. തിരിഞ്ഞുനോക്കുമ്പോൾ പുലർകാലംപോലെ ചിരിച്ചുകൊണ്ട് ആലയുടെ മുമ്പിലുണ്ടാകും പെരിയവർ.

പത്മനാഭപുരം കൊട്ടാരത്തിലെ ജോലി സ്വീകരിച്ചതിനു ശേഷമാണ് ആ പതിവുതെറ്റിയത്. എങ്കിലും നട്ടാലത്തെത്തുമ്പോൾ കുതിരക്കുളമ്പടിയുയർത്തിക്കൊണ്ട് പെരിയവരെത്തും തന്നെ കാണാൻ.

ശേഷം 12 - ാം പേജിൽ

കവിജീവിതങ്ങൾ

അജിത്കുമാർ ഗോതുരുത്ത്

# ചിന്നത്തമ്പി അണ്ണാവി



**ച**വിട്ടുനാടകം എന്ന കലാരൂപത്തിന്റെ സ്ഥാപകനായി പരിഗണിച്ചുവരുന്നത് 'ചിന്നത്തമ്പി അണ്ണാവി' എന്ന പോർച്ചുഗീസ് മിഷണറിയെയാണ്. പോർച്ചുഗീസുകാരുടെ വരവിനെത്തുടർന്ന് നമുക്കു ലഭിച്ചതാണ് ചവിട്ടുനാടകം. വിദേശമിഷണറിമാർ, തങ്ങൾ എത്തിപ്പെടുന്ന നാടുകളിലെ പേരു സ്വീകരിക്കുന്ന പതിവ് മുമ്പേ ഉണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ഇദ്ദേഹത്തിന്റെ ജീവചരിത്രമോ രൂപമോ ലഭ്യമല്ല. തമിഴ്നാട്ടിൽനിന്ന് പോർച്ചുഗീസ് മിഷനറിമാരോടൊപ്പം കേരളത്തിൽ എത്തി പതിനേഴു വർഷക്കാലം ഇവിടെ താമസിച്ചശേഷം തിരിച്ചുപോയെന്നുള്ള ഒരു ഐതിഹ്യം പ്രചാരത്തിലുണ്ട്. ചരിത്രപരമായ തെളിവുകളൊന്നും ചിന്നത്തമ്പിയെക്കുറിച്ചു ലഭ്യമല്ല.



ദൈവമാതാവിനോട് ഏറെ ഭക്തിയുണ്ടായിരുന്ന ചിന്നത്തമ്പി ഒരിക്കൽ മട്ടാഞ്ചേരിയിലെ സീഞ്ഞോർ മാതാവിന്റെ പള്ളിയിൽ പ്രാർത്ഥിക്കാൻ ചെന്നു. അവിടുത്തെ വൈദികൻ അണ്ണാവിയുടെ ശത്രുക്കളുടെ പ്രേരണയാൽ പ്രാർത്ഥനാകർമങ്ങളിൽ പങ്കുകൊള്ളാൻ അനുവദിച്ചില്ല. അപ്പോൾ അണ്ണാവി മാതാവിന്റെ തിരുസ്വരൂപത്തിനു മുന്നിൽ മുട്ടുകുത്തി.

'തെയയെ ചെയ്താളും തായയെ' എന്നാരംഭിക്കുന്ന 40 അടിപാട്ടുകൾ പാടിയെന്നും പാട്ടിന്റെ അവസാനത്തിൽ മാതാവ് കൈയിലിരിക്കുന്ന ഉണ്ണിയേശുവിനെ അണ്ണാവിയുടെ കൈയിൽ കൊടുത്തുവെന്നുമാണ് ഐതിഹ്യം. ഇതുകണ്ട് അദ്ഭുതപരതന്ത്രനായ വൈദികനോട് അണ്ണാവി, ഉണ്ണിയേശുവിനെ തന്റെ കൈകളിൽനിന്ന് മാതാവിന്റെ കരങ്ങളിൽ ഏല്പിക്കാൻ ആവശ്യപ്പെട്ടെങ്കിലും വൈദികൻ നിസ്സഹായനായി മാതാവിന്റെ മുന്നിൽ മുട്ടുകുത്തി മാപ്പപേക്ഷിച്ചു. ഇതുകണ്ട അണ്ണാവി ഉണ്ണിയേശുവിനെ പ്രാർത്ഥിച്ചുകൊണ്ട് മറ്റൊരു കവിത ആലപിച്ച് മാതാവിന്റെ കരങ്ങളിൽ തിരിച്ചേല്പിച്ചു എന്നാണ് കഥ.

പരമഭക്തനും സന്ന്യാസിയുമൊക്കെയാണെങ്കിലും ബുദ്ധിഭ്രമം ഉണ്ടായിരുന്നതായും മദ്യപാനം ചെയ്തിരുന്നതായും കഥകളുണ്ട്. നിമിഷകവിയായിരുന്ന ചിന്നത്തമ്പി പലപ്പോഴും പാടിയിരുന്ന പാട്ടുകൾ ശിഷ്യന്മാർ എഴുതിയെടുത്തിരുന്നു. ബൃശ്ചീനായാണ് ആദ്യനാടകം. അല്ലേശുനാടകവും അദ്ദേഹത്തിന്റേതുതന്നെ.

ചിന്നത്തമ്പിയുടേതെന്നു വിശ്വസിക്കപ്പെടുന്ന കാറൽമാൻചരിതം ഏറ്റവും ശ്രദ്ധേയമായ ചവിട്ടുനാടകമായാണു പരിഗണിക്കുന്നത്.

അദ്ദേഹം പലപ്പോഴായി പാടിയതും പറഞ്ഞതുമായ കാര്യങ്ങൾ കൂട്ടിച്ചേർത്ത് ശിഷ്യന്മാർ അദ്ദേഹത്തെ കാണിച്ചപ്പോൾ 'അല്ല, ഇത്രയൊക്കെ സ്വന്തമായി രചിച്ചല്ലോ, മോശക്കാരനല്ല ഞാൻ' എന്ന് ആത്മബോധമുണ്ടായി. കൊച്ചിയിലും പരിസരങ്ങളിലുമായി താമസിച്ചിരുന്ന ചിന്നത്തമ്പി കൊച്ചിയിലെ 'കൂനൻകുരിശി'ന്റെ കപ്പേളയിലാണ് അന്തിയുറങ്ങിയിരുന്നത്. ഭക്തിനിറഞ്ഞു തുളുമ്പുന്ന പാട്ടുകൾ പാടി വിശ്വാസികളെ ആകർഷിച്ചിരുന്ന ചിന്നത്തമ്പി പാടി കുരിശു കുമ്പിട്ടു എന്നും അങ്ങനെയാണ് 'കൂനൻകുരിശ്' എന്ന പ്രയോഗം ഉണ്ടായതെന്നും ഒരു വിശ്വാസമുണ്ട്.

പതിനേഴുവർഷത്തെ ഇവിടുത്തെ ജീവിതം മതിയാക്കി നാട്ടിലേക്കു കപ്പൽ കയറാൻ തീരുമാനിച്ചു. നിരവധി ശിഷ്യന്മാർ അദ്ദേഹത്തെ യാത്രയാക്കാൻ എത്തി. എല്ലാവരും ദക്ഷിണ നല്കി. എല്ലാവരെയും അനുഗ്രഹിച്ചു. യാത്ര പറഞ്ഞു പിരിയാൻനേരം ഒരു ശിഷ്യൻ ഓടിയെത്തി. വൈകിയതിനു ക്ഷമ ചോദിച്ചു. 'എനിക്കൊന്നുമില്ലേ ഗുരു' എന്നു ചോദിക്കുകയും തിരിഞ്ഞുനിന്ന് നാക്കുനീട്ടാൻ പറയുകയും നീട്ടിയപ്പോൾ ചവച്ചുകൊണ്ടിരുന്ന താംബൂലം ഇട്ടുകൊടുക്കുകയും 'ഉനൈയ്ക്ക് ഇതുതാൻ പോതും' എന്നനുഗ്രഹിച്ച് നടക്കുകയും ചെയ്തു. ആ ശിഷ്യൻ വലിയ കവിയും നാടകകൃത്തുമായിത്തീരുകയും ചെയ്തുവത്രേ.

ചിന്നത്തമ്പിയുടെ ഫോട്ടോയോ രൂപമോ കിട്ടാനില്ലാത്തിനാൽ ശിഷ്യരുടെ ഭാവനയിൽ കൊച്ചി ബിനാലെ കമ്മിറ്റി മുൻകൈയെടുത്തു ചവിട്ടുനാടകഗ്രാമമായ ഗോതുരുത്തിൽ ചിന്നത്തമ്പിയുടെ ഒരു ശില്പം സ്ഥാപിച്ചിട്ടുണ്ട്. തൃശൂർക്കാരനായ ആന്റോ എന്ന ശില്പിയാണ് ആ പ്രതിമ രൂപകല്പന ചെയ്തത്.

■

# ദേവാങ്കണം

11-ാം പേജ് തുടർച്ച

എത്രയോ സുന്ദരനും സുഭഗനുമായിരുന്നു പെരിയവർ. എടുപ്പിലും നടപ്പിലുമൊക്കെ ഒരു പ്രത്യേകചന്തമായിരുന്നു. അതെല്ലാം പൊയ്പ്പോയി. ഇപ്പോൾ ആരു കണ്ടാലും അറച്ചുപോകും. ദേഹമാസകലം മുറിവുകൾ. വ്രണങ്ങളിൽനിന്നു നീരൊഴുകുന്നു. ദുർഗന്ധം വമിക്കുന്നതുകൊണ്ടാകാം ഈച്ചകൾ വട്ടമിട്ടു പറക്കുന്നു.

ശെൽവത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അതു കണ്ടിട്ടാകണം ദേവസഹായം പറഞ്ഞു:

"എന്റെ സഹനങ്ങൾക്കു കാഴ്ചക്കാരനായി നീ വേണ്ട. നട്ടാലത്തേക്കു മടങ്ങണം."

"ഇല്ല പെരിയവരേ... ഈ യാത്രയുടെ അന്ത്യംവരെ ഞാൻ കൂടെയുണ്ട്. അങ്ങയെ വിട്ടുപോകാൻ എനിക്കു കഴിയില്ല."

"എഴുന്നേറ്റു പോടാ." രാജഭടന്മാർ കയർത്തു. അവൻ ദേവസഹായത്തിനെ വിട്ടുപോയി.

പീഡനങ്ങൾ അനുസ്യൂതം തുടർന്നുകൊണ്ടിരുന്നു. പക്ഷേ, ദേവസഹായത്തിനു മനംമാറ്റംമാത്രം സംഭവിച്ചില്ല. ശാരീരികപീഡനകൾ അധികമാകുംതോറും വിശ്വാസതീക്ഷ്ണതയും മിശിഹായിലുള്ള സ്നേഹവും വർദ്ധിച്ചുവരുന്നതു കണ്ട് ആളുകൾ അദ്ഭുതപ്പെട്ടു.

അതു മാത്രമായിരുന്നില്ല അദ്ഭുതം. ശരീരത്തിലെ വ്രണങ്ങളെ കടുപ്പമുള്ളതാക്കാൻ പുരട്ടിയിരുന്ന മുളകുകുഴമ്പ് മുറിവുകളെ ഉണക്കാൻ തുടങ്ങി.

ഭടന്മാർക്കു മടുത്തുതുടങ്ങി. ഇങ്ങനെ എത്രനാൾ തുടരും...? ഈ മനുഷ്യൻ ഒരു സാധാരണ മനുഷ്യനല്ലെന്നു ഭടന്മാർക്കു തോന്നിത്തുടങ്ങി. എത്ര ബലവാനായ മനുഷ്യനായിരുന്നാലും പണ്ടേ മരണപ്പെടേണ്ട കാലം കഴിഞ്ഞു. പക്ഷേ, ഈ മനുഷ്യനിപ്പോഴും ഒരു കൂസലുമില്ല. ഏതോ ഒരു ശക്തി ഈ മനുഷ്യനിലുണ്ട്. അതു നിശ്ചയം.

തിരുവിതാംകോട്ടെ താമസവും ഈ പീഡനങ്ങളും എത്രനാൾ തുടരും? ഭടന്മാർക്കു മടുത്തു. ഇതിനൊരന്ത്യം കാണേണ്ടത് ആവശ്യംതന്നെ. കൊന്നുകളയുന്നതിലേക്ക് രാജകല്പനയുമില്ല. അവർ സ്ഥലം അധികാരികളെ ശരണം പ്രാപിച്ചു.

അധികാരികൾ ദേവസഹായത്തിനെ കൂടുതൽ കഷ്ടപ്പെടുത്തുന്നതിനും കല്പനയുണ്ടാകുമ്പോൾ കൊന്നുകളയുന്നതിനുംവേണ്ടി ചെരുവിളയിൽ താമസിക്കുന്ന ആരാച്ചാരുടെ പക്കലേല്പിക്കാൻ ഏർപ്പാടാക്കി.

തിരുവിതാംകോട്ടുനിന്ന് ദേവസഹായത്തിനെ കല്പനപ്രകാരം എരുമപ്പുറത്താണ് പെരുവിളയിലേക്കു കൊണ്ടുപോയത്. യാത്രയ്ക്കുമുമ്പേ ദേവസഹായത്തിന്റെ ദേഹമാകെ അടിച്ചു കീറിയിരുന്നു.

യാത്രയ്ക്കിടയിൽ പുലിയൂർക്കുറിശ്ശി എന്ന സ്ഥലത്തെത്തിയപ്പോൾ മുറിവുകളിൽ മുളകുകുഴമ്പുപുരട്ടി ഒരു വലിയ പാറയ്ക്കു മുകളിൽ കൊണ്ടുചെന്നിരുത്തി.


കത്തുന്ന വെയിലായിരുന്നു. വെയിലിന്റെ കാഠിന്യം ദേവസഹായത്തിനു സഹിക്കാൻ പറ്റുന്നതിലപ്പുറമായിരുന്നു. കഠിനമായ നീറ്റലും വല്ലാത്ത ദാഹവുമനുഭവപ്പെട്ടു ദേവസഹായത്തിന്. ദാഹം കലശലായപ്പോൾ ഭടന്മാരോടു കുടിക്കാൻ കുറച്ചു വെള്ളമാവശ്യപ്പെട്ടു ദേവസഹായം.

ഭടന്മാർ പാറയുടെ അല്പമകലത്തായി ഒരു വൃക്ഷച്ചുവട്ടിൽ ഭക്ഷണം കഴിച്ചു വിശ്രമിക്കുകയായിരുന്നു. അവരിലൊരാൾ തൊട്ടടുത്ത കുഴിയിൽനിന്ന് ചവറഴുകി ചീഞ്ഞുപഴുത്ത് ദുർഗന്ധം വമിക്കുന്ന വെള്ളം ഒരുടഞ്ഞ മൺപാത്രത്തിൽ കൊണ്ടുവന്നു കൊടുത്തു.

മനംപിരട്ടലുണ്ടാക്കുന്ന നാറ്റമുണ്ടായിരുന്നെങ്കിലും ദേവസഹായം ആർത്തിയോടെ അതു കുടിച്ചു.

പക്ഷേ, ദാഹം ശമിച്ചില്ല. അവരോട് കുറച്ചു വെള്ളംകൂടിത്തരണമെന്നപേക്ഷിച്ചു. ഭടന്മാർ വെള്ളം കൊടുത്തില്ലെന്നു മാത്രമല്ല, അദ്ദേഹത്തെ ക്രൂരമായി മർദിക്കുകയും ചെയ്തു. മർദനത്തിന്റെ ആഘാതത്തിൽ ദേവസഹായം നിലതെറ്റി പാറപ്പുറത്തു മലർന്നുവീണു.

(തുടരും)




മാത്യൂസ് ആർപ്പൂക്കര

# മുണ്ടി



**ഒ**രിനം കൊക്കാണ് മുണ്ടി. ഇംഗ്ലീഷിൽ എഗ്രറ്റ് എന്നു വിളിക്കുന്നു. മുണ്ടികൾ പല സ്പീഷിസുകളിൽ കാണപ്പെടുന്നു. കൊക്കിന്റെ അറ്റം മുതൽ വാലറ്റംവരെ ഒരു മീറ്ററോളം നീളമുണ്ടാകും. കായലുകളിലോ ചതുപ്പുസ്ഥലങ്ങളിലോ വെള്ളം കേറിക്കിടക്കുന്ന വയലുകളിലോ ഇവയെ കണ്ടുവരുന്നു. ചിന്നമുണ്ടി, ചെറുമുണ്ടി, പെരുമുണ്ടി ഇങ്ങനെ മുണ്ടികൾ പലതരം. വെള്ളരിക്കൊക്കുകളെന്നോ വെള്ളരിപ്പക്ഷികൾ എന്നോ നമ്മുടെ നാട്ടിൽ അറിയപ്പെടുന്നു. ദേഹത്തിനു തൂവെള്ളനിറം. കഴുത്തിനും കാലിനും അസാധാരണനീളം. പറക്കുമ്പോൾ സാധാരണമായി കഴുത്തു പിന്നോട്ടു വലിച്ചുപിടിക്കുന്നു. വാൽ കുറിയതും ചിറകുകൾ നീണ്ടതുമാണ്. നിലത്തു നില്ക്കുമ്പോൾ തല ഉയർത്തിപ്പിടിക്കുന്നു. പ്രജനനകാലത്തൊഴികെ കൊക്കിന്റെ നിറം മഞ്ഞയാണ്.

പാടത്തും ജലാശയങ്ങളിലും ധാരാളമായി കണ്ടിരുന്ന കാലിമുണ്ടി എന്നൊരിനം ചെറിയ കൊക്കുകളുണ്ട്. ചെറിയ കൊക്കും കാലുമാണ് ഇതിനുള്ളത്. മിക്കവാറും കന്നുകാലികളുടെ കൂടെയാണ് സഞ്ചാരം. ഇവ സാധാരണമായി നമ്മുടെ നാട്ടിൽ കൂടുകൂട്ടാറില്ല. എന്നാൽ, കുഞ്ഞുങ്ങളുമായി സഞ്ചരിക്കുന്ന കാലിമുണ്ടികളെ കണ്ടിട്ടുണ്ട്. ഇംഗ്ലീഷിൽ ഇവയെ 'കാറ്റിൽ എഗ്രറ്റ്' എന്നു വിളിക്കുന്നു.

ചിന്നമുണ്ടിയോടു സാമ്യമുള്ള പക്ഷിയാണ് ചെറുമുണ്ടി. നിറത്തിലാണ് പ്രകടമായ സാമ്യം. ചിന്നമുണ്ടിയെക്കാൾ അല്പം വലുപ്പം കൂടുതലുണ്ടാകും. വെള്ളനിറംതന്നെ. ഇവയുടെ സ്വഭാവവും ചിന്നമുണ്ടിയോടു സാമ്യം. തമ്മിൽ തിരിച്ചറിയാൻ ചെറുമുണ്ടിയുടെ കാലുകളും വിരലുകളും എല്ലാക്കാലത്തും കറുപ്പായിരിക്കും. കൊക്കുകൾ മഞ്ഞയും.

കൊക്കുകളുടെ ഗണത്തിൽപ്പെടുന്ന പക്ഷിയാണു തിരുമുണ്ടി. ഇരുണ്ട ചാരനിറക്കാരാണ്. തിരുമുണ്ടി കേരളത്തിൽ കൂടുകെട്ടുന്നതായി കാണുന്നില്ല. മറ്റൊരിനം കൊറ്റികളാണ് പാതിരാക്കൊക്ക്. തടിച്ച ചെറിയ കഴുത്താണിതിനുള്ളത്. കണ്ണുകൾക്കു ചുവപ്പുനിറം. കണ്ണിനുമുകളിൽ പുരികം പോലെ വെളുത്ത വര കാണാം. കാലുകൾക്ക് ഇളം പച്ചനിറമാണ്. രാത്രിസഞ്ചാരികളായതിനിലാണ് ഇവയ്ക്ക് പാതിരാക്കൊക്ക് എന്നു വിളിപ്പേരു കിട്ടിയത്. കടുത്ത വെയിലുള്ളപ്പോൾ പുറത്തിറങ്ങാറില്ല.

പെരുമുണ്ടി ഏറ്റവും വലിപ്പമുള്ള ഇനമാണ്. ഏതാണ്ട് വലിയ കൊക്കിന്റെ അത്രയും വരും. ചെറിയ മുണ്ടികളിൽ വലിയ ഇനം വെള്ളരിക്കൊക്ക്. കേരളത്തിൽ ഈ പക്ഷി വിരളമാണ്. കൊക്കിന്റെ തുടക്കത്തിൽനിന്നും ഒരു കറുത്ത വര കണ്ണിനു പിന്നിലേക്കു പോകുന്നതു കാണാം. ഇതു ചെറുമുണ്ടിയെ പെട്ടെന്നു തിരിച്ചറിയാൻ സഹായിക്കുന്നു. കഴുത്തിനു നല്ല നീളമുണ്ടായിരിക്കും. മിക്കവാറും ഒറ്റയ്ക്കാണ് ഇരതേടൽ. കൂടൊരുക്കൽകാലത്താണ് ഇണകളെ ഒന്നിച്ചുകാണുക.

■

# ലൈംഗികവിദ്യാഭ്യാസം തുടങ്ങേണ്ടതെവിടെ?






ജസ്റ്റിൻ തോമസ്

**ലൈം**ഗികവിദ്യാഭ്യാസം അകറ്റിനിറുത്തുന്ന സംസ്കാരത്തിന്റെ ഉടമകളാണ് മലയാളികൾ. ഈ വസ്തുത നിലനിൽക്കുമ്പോഴും ലൈംഗികവൈകൃതങ്ങൾ ഒരു മറയ്ക്കുള്ളിൽ നിന്നുകൊണ്ട് ആർത്തിയോടെ ആസ്വദിക്കുന്ന മനുഷ്യരും നമ്മുടെയിടയിൽത്തന്നെയുണ്ട്. ഉന്നതവിദ്യാഭ്യാസമുള്ളവരും ഉയർന്ന സ്ഥാനമാനങ്ങൾ അലങ്കരിക്കുന്നവരും ഇവരിൽ ഉൾപ്പെടുന്നു. ഇതു കൂടുതലും സംഭവിക്കുന്നത് വീടുകളിലെ അടഞ്ഞ വാതിലുകൾക്കപ്പുറമാണ് എന്നതു വാസ്തവം. ലൈംഗികവിദ്യാഭ്യാസസംബന്ധിയായ ക്ലാസ്സുകൾ സ്കൂളിൽ നൽകിയതിനാൽ തങ്ങളുടെ കുട്ടികളെ ആ സ്കൂളിൽനിന്നു മാറ്റിയ നാലു രക്ഷാകർത്താക്കളോടു സംസാരിക്കാൻ സ്കൂളധികാരികൾ എന്നെ അടുത്ത കാലത്തു ചുമതലപ്പെടുത്തി. ഈ രക്ഷാകർത്താക്കളുടെ വാദഗതികൾ കേട്ടപ്പോൾ എനിക്കു തോന്നിയത്, ഇവരുടെ ചെയ്തികൾ ഈ കുട്ടികൾക്കു മനസ്സിലാവാതിരിക്കാനാണ് അവർ ഇത്തരം വിദ്യാഭ്യാസത്തെ എതിർക്കുന്നത് എന്നാണ്.

**ലൈംഗികവിദ്യാഭ്യാസം തുടങ്ങേണ്ടത് എവിടെ?**

ലൈംഗികവിദ്യാഭ്യാസം കുടുംബത്തിൽത്തന്നെ ആരംഭിക്കണം. ഇതിനു തടസ്സമായി കണ്ടിരുന്നത് മാതാപിതാക്കളുടെ വിദ്യാഭ്യാസമില്ലായ്മയാണ്. എന്നാൽ, ഇന്ന് കേരളത്തിൽ അടിസ്ഥാനവിദ്യാഭ്യാസമില്ലാത്ത ആരുമില്ല എന്നതാണു യാഥാർത്ഥ്യം. കുട്ടികൾക്കു നൽകേണ്ട ലൈംഗികവിദ്യാഭ്യാസത്തെ താഴെപ്പറയുംവിധം തരംതിരിക്കാം.1. അടിസ്ഥാനപരമായ അറിവ്. 2. ആഴത്തിലുള്ള അറിവ്.

**അടിസ്ഥാനപരമായ അറിവുകൾ ഏതെല്ലാം?**

1. ശരീരത്തിനു പുറമേ കാണാവുന്ന ലൈംഗികഭാഗങ്ങൾ ഏതൊക്കെയാണെന്ന അറിവ്. 2. മേൽസൂചിപ്പിച്ച ലൈംഗികഭാഗങ്ങളാണ് ഒരു വ്യക്തി വസ്ത്രമുപയോഗിച്ചു മറയ്ക്കുന്നതെന്ന തിരിച്ചറിവ്. 3. ഈ ലൈംഗികഭാഗങ്ങളിൽ നോക്കാനും തൊടാനും അവയെക്കുറിച്ചു സംസാരിക്കാനും ചില പ്രത്യേകസാഹചര്യങ്ങളിൽ അനുവാദമുള്ളത് അപ്പൻ, അമ്മ, മെഡിക്കൽ പ്രഫഷണൽസ് എന്നിവർക്കു മാത്രമാണെന്ന ബോധ്യം. 4. ഇതിനു വിപരീതമായി സംഭവിച്ചാൽ തനിക്ക് ഏറ്റവും വിശ്വാസമുള്ള അപ്പൻ, അമ്മ, അധ്യാപകർ, മുതിർന്നവർ എന്നിവരിൽ ആരെയെങ്കിലും അറിയിക്കണമെന്ന അറിവ്. 5. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെതന്നെ ലൈംഗികാതിക്രമങ്ങൾ നേരിടാമെന്ന സത്യം.

**ആഴത്തിലുള്ള അറിവുകൾ എന്തെല്ലാം?**

ഒരു ആൺകുട്ടിക്കും പെൺകുട്ടിക്കും ഒൻപതാംവയസ്സിൽ ലൈംഗികതയുമായി ബന്ധപ്പെട്ട ആഴത്തിലുള്ള അറിവുകളുടെ തുടക്കം നൽകാം. ചുവടെ കൊടുക്കുന്ന കാര്യങ്ങൾ ഈ പ്രായത്തിലുള്ള കുട്ടികൾ അറിയണം.

1. ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും ലൈംഗികാവയവങ്ങളുടെ വ്യത്യാസം. 2. പെൺകുട്ടികൾക്കുണ്ടാകുന്ന ആർത്തവം എന്ന പ്രതിഭാസമെന്ത് (ഇത് ആൺകുട്ടികളെയും പെൺകുട്ടികളെയും പഠിപ്പിക്കണം) 3. എന്തുകൊണ്ടാണ് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്‌ലറ്റും ബാത്ത്റൂമും. 4. ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചുവളരേണ്ടത് എന്തുകൊണ്ട് എന്ന ബോധ്യം.

ഇത്തരത്തിലുള്ള അറിവുകൾ പന്ത്രണ്ടുവയസ്സുവരെ നൽകാം. തുടർന്നു താഴെപ്പറയുന്ന ആഴത്തിലുള്ള അറിവുകളിലേക്കവരെ നയിക്കണം.

1. ലൈംഗികബന്ധം എന്നാലെന്ത്? 2. ലൈംഗികബന്ധം എന്തിനുവേണ്ടി? 3. പ്രായപൂർത്തിയാകാത്തവരുടെ ലൈംഗികബന്ധത്തിലെ അപകടങ്ങളെന്തെല്ലാം? 4. സ്ത്രീപുരുഷ ആകർഷണത്തിന്റെ കാരണങ്ങളും ആവശ്യകതയും 5. വിവാഹത്തിന്റെ മഹത്ത്വം 6. നല്ല മാതാപിതാക്കൾ എങ്ങനെയായിരിക്കണം? മേൽസൂചിപ്പിച്ച ആഴത്തിലുള്ള അറിവുകൾ കുട്ടിക്കു പതിനഞ്ചു വയസ്സോടെ ലഭിച്ചുവെന്ന് ഉറപ്പാക്കണം. ഇതു മാതാപിതാക്കളുടെ, കുടുംബത്തിലുള്ള മുതിർന്നവരുടെ കടമയാണ്.

**എന്താണ് ഡിജിറ്റൽ ലൈംഗികവിദ്യാഭ്യാസം?**

ഡിജിറ്റൽ ലൈംഗികവിദ്യാഭ്യാസത്തിന് രണ്ടു മാനങ്ങളുണ്ട്.

1. ശരിയായ കാര്യങ്ങൾ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ അറിയുന്നത്. 2. ശരിയല്ലാത്ത കാര്യങ്ങൾ ഡിജിറ്റൽ മാധ്യമങ്ങളിലൂടെ അറിയുന്നതും അതിന് അടിമയാകുന്നതും.

മേൽസൂചിപ്പിച്ച കാര്യങ്ങൾ ഇന്നത്തെ തലമുറയെ ശക്തമായി സ്വാധീനിക്കുന്നുണ്ട്. അവർക്കുണ്ടാകുന്ന ഏതൊരു സംശയത്തിനും ഉത്തരം കണ്ടെത്താൻ അവർ ഡിജിറ്റൽ മേഖലയെ ആശ്രയിക്കാം. ഇതിലെ നല്ലതും ചീത്തയും വേർതിരിച്ചു നൽകാൻ കുടുംബാംഗങ്ങൾക്കു കഴിയണം.

**ആഴത്തിലുള്ള ലൈംഗികവിദ്യാഭ്യാസം നൽകാതിരുന്നാൽ സംഭവിക്കുന്ന അപകടങ്ങൾ**

1. പരസ്പരസാഹോദര്യത്തിൽ വളരാൻ പെൺകുട്ടിക്കും ആൺകുട്ടിക്കും കഴിയാതെവരുന്നു. 2. പരസ്പരബഹുമാനത്തിൽ മുമ്പോട്ടുപോകാൻ കുട്ടികൾക്കു സാധിക്കാതെവരും 3. മാനസികസംഘർഷം കുട്ടികളെ പിടികൂടാൻ കാരണമാകും. 4. പരസ്പരം മനസ്സിലാക്കാനും ആശയങ്ങൾ കൈമാറാനും വിമുഖതയുണ്ടാവും. 5. അപക്വശാരീരികബന്ധങ്ങൾ കുട്ടികളുടെയിടയിൽ ഉണ്ടാകാനും അതുമായി ബന്ധപ്പെട്ട മറ്റനേകം പ്രശ്നങ്ങളിലേക്കു കുട്ടികൾ എത്തിപ്പെടാനും കാരണമാകാം.

**അടിസ്ഥാനപരമായ ലൈംഗികവിദ്യാഭ്യാസം കുട്ടികൾക്കു നൽകാതിരുന്നാലുള്ള അപകടങ്ങൾ**

കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്ന മാനസികാവസ്ഥയുള്ളവർ നമ്മുടെയിടയിൽത്തന്നെയുണ്ട്. ഇതൊരു മാനസികരോഗമാണെങ്കിൽക്കൂടിയും അവരുടെ അതിക്രമം അനുഭവിക്കേണ്ടിവരുന്ന കുട്ടികൾ ഭാവിയിൽ അനേകം ഗൗരവതരമായ പ്രശ്നങ്ങളിലൂടെ കടന്നുപോകും. ഇത്തരം കുട്ടികൾ അനുഭവിക്കാൻ സാധ്യതയുള്ള പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. ധൈര്യമില്ലായ്മ 2. പഠനപ്രശ്നങ്ങൾ 3. വിഷാദരോഗവും ആത്മഹത്യാപ്രവണതയും 4. അമിതമായ അരിശം, വൈരാഗ്യം, പക 5. ഉത്കണ്ഠ, 6. മറ്റനവധി മാനസികരോഗങ്ങൾ.

കൂടാതെ, ഇത്തരം കുട്ടികൾ പ്രായപൂർത്തിയാകുമ്പോൾ താഴെപ്പറയുന്ന പ്രശ്നങ്ങളിലൂടെയും കടന്നുപോകാം:


1. വിവാഹം വേണ്ട എന്ന തീരുമാനം 2. പങ്കാളിയെ സ്വീകരിക്കാൻ കഴിയാതെ വരുക 3. ലൈംഗികബന്ധത്തിലുണ്ടാകുന്ന അനേകം പ്രശ്നങ്ങൾ 4. സമൂഹത്തിൽ ഇടപഴകാൻ കഴിയാത്ത അനേകം മാനസികരോഗങ്ങൾ.

കുടുംബാംഗങ്ങളുടെ ലൈംഗികപ്രകടനങ്ങൾ പോസിറ്റീവായും നെഗറ്റീവായും കുട്ടികളെ ബാധിക്കാം. അതിനാൽത്തന്നെ, മാതാപിതാക്കൾ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത് ഒരു വയസ്സുമുതലുള്ള കുട്ടികൾ കാണാതിരിക്കുന്നതാണ് അഭികാമ്യം. കുട്ടിക്ക് നാലു വയസ്സു കഴിഞ്ഞാൽ തീർച്ചയായും മാതാപിതാക്കളുടെ മുറിയിൽ കർട്ടനിട്ടു വേർതിരിച്ച് മറ്റൊരു കട്ടിലിൽ കുട്ടിയെ മാറ്റിക്കിടത്താം. കുട്ടിക്ക് ആറു വയസ്സു കഴിഞ്ഞാൽ മറ്റൊരു മുറിയിലേക്കു നിർബന്ധമായും മാറ്റിക്കിടത്തണം. മേൽസൂചിപ്പിച്ച കാര്യങ്ങളെല്ലാം യുക്തമായി പരിഗണിച്ച് തീരുമാനങ്ങൾ യഥാസമയങ്ങളിൽ എടുക്കണം. തീരുമാനമെടുക്കാനും പ്രശ്നപരിഹാരത്തിനും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായാൽ ഒരു വിദഗ്ധാഭിപ്രായം തേടാൻ മടിക്കരുത്. ■



നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## സ്മൃതിച്ചെപ്പ്



പിരിമുറുക്കത്തിന് അയവുവരുത്തേണ്ടത് ആവശ്യമാണ്. എങ്കിലും, മനസ്സ് ഭൂതകാലസ്മൃതിച്ചെപ്പിന്റെ അടപ്പ് ഊരുമ്പോഴെല്ലാം അവൾ ശാസിക്കും. കാരണം, ഊരിയ അടപ്പ് അടയ്ക്കുമ്പോൾ പിരി തെറ്റുകയും പിരിമുറുക്കം കൂട്ടുകയും ചെയ്യുന്നു.

മനസ്സാണ് എല്ലാറ്റിനും കാരണം. പ്രണയിച്ചില്ലായിരുന്നെങ്കിൽ വേദനിക്കേണ്ടിവരുമായിരുന്നില്ലല്ലോ!

അതുകൊണ്ട്, അവൾ മനസ്സിനോട് നിരന്തരം കലഹിക്കുകയാണ്....




**സെപ്റ്റംബർ 4**
**കൈത്താക്കാലം**
**ഏഴാംഞായർ**

ഉത്പ 6 : 13-22
ജറെ 32 : 36-41
യാക്കോ 4 : 1-10
മത്താ 6 : 19-24

# സ്വർഗം നമ്മുടെ ലക്ഷ്യം





ഡോ. ജോസഫ് കരികുളം

**ദൈ**വവചനപ്രഘോഷണത്തിന്റെ ആത്യന്തികഫലം സ്വർഗരാജ്യമാണെന്ന് നേരത്തേ കണ്ടുകഴിഞ്ഞു. വചനവിത്ത് ഭൂമിയിൽ വിതയ്ക്കപ്പെടുന്നത് നല്ല ഫലം കൊയ്യുന്നതിനാണ്. ആ ഫലം ഈ ലോകത്തിൽത്തന്നെ ദൃശ്യമാണെങ്കിലും പൂർണതയിൽ അനുഭവിക്കുന്നത് സ്വർഗരാജ്യത്തിലാണ്. ദൈവം വാഗ്ദാനം ചെയ്യുകയും (പഴയ ഉടമ്പടി) ഈശോമിശിഹായിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്ന (പുതിയ ഉടമ്പടി) സ്വർഗരാജ്യത്തിലേക്കുള്ള (ഉടമ്പടിയുടെ പൂർത്തീകരണം) വഴികളും തെളിവുകളുമാണ് ഇന്നത്തെ വായനകളിലൂടെ സഭാമാതാവ് നമ്മുടെ വിചിന്തനത്തിനായി നല്കുന്നത്.

ജലപ്രളയത്തിനുമുമ്പായി നോഹയോട് പെട്ടകം നിർമിക്കാൻ ആവശ്യപ്പെടുന്ന ദൈവത്തെയാണ് ഒന്നാം വായനയിൽ നാം കാണുന്നത് (ഉത്പ. 6:13-22). ഭൂമിയിൽ അധർമം നിറഞ്ഞിരിക്കുന്നതിനാൽ അതിനെ നശിപ്പിക്കാൻ ദൈവം തീരുമാനിച്ചിരിക്കുന്നു(6:13). പക്ഷേ, നീതിമാനായി ജീവിക്കുന്ന നോഹയെയും അദ്ദേഹത്തിന്റെ കുടുംബത്തെയും, ഭൂമിയിലെ ജീവജാലങ്ങളുടെ തുടർച്ചയ്ക്കായി എല്ലാ ജീവജാലങ്ങളിലുംനിന്ന് ആണും പെണ്ണുമായി ഈരണ്ടെണ്ണത്തിനെയും സംരക്ഷിക്കുവാൻ ദൈവം തീരുമാനിക്കുന്നു (6:18-19). അതു നോഹയുമായി ദൈവം ഉണ്ടാക്കുന്ന ഉടമ്പടിപ്രകാരമാണ്. ഈ ഉടമ്പടിക്കുള്ള പ്രത്യേകത പരസ്പരസമ്മതപ്രകാരമുള്ള ഉടമ്പടിയല്ല ഇത് എന്നതാണ്. മറ്റുള്ളവർ പാപത്തിൽ മുഴുകി ജീവിച്ചപ്പോൾ നോഹ ദൈവത്തിന്റെ വചനമനുസരിച്ചു മാത്രം നടന്ന് പാപത്തെ ഒഴിവാക്കി ജീവിച്ചു.

അതുകൊണ്ട്, ദൈവംതന്നെ മുൻകൈയെടുത്ത് നോഹയുമായി ഉടമ്പടി സ്ഥാപിക്കുന്നു. 'നോഹ ദൈവം കല്പിച്ചപ്രകാരം പ്രവർത്തിച്ചു' (6:22). ഉടമ്പടിയുടെ നിർദേശങ്ങൾ നോഹയും ഒരുമിച്ചിരുന്നു ചർച്ച ചെയ്ത്, ജനാധിപത്യപരമായി വോട്ടിനിട്ട് എടുത്ത തീരുമാനങ്ങളല്ല; ദൈവത്തിന്റെ കല്പനകളാണ്. ദൈവത്തിന്റെ ഈ ഉടമ്പടി ഏകപക്ഷീയമാണെങ്കിലും തന്റെ നന്മയ്ക്കുവേണ്ടിയുള്ളതാണെന്നു നോഹയ്ക്കറിയാം. ആ ഉടമ്പടി പാലിച്ചാൽ തന്റെ ജീവൻ നിലനിൽക്കുമെന്നത് നോഹയുടെ ബോധ്യമാണ്.

ഇത് സഭയുടെ ഒരു രഹസ്യംകൂടിയാണ്. ദൈവവും മനുഷ്യനുമായുള്ള പുതിയ ഉടമ്പടി അനുദിനം ആഘോഷിക്കുന്നത് സഭയിലാണ്. ഈ ഉടമ്പടിയും ദൈവവും മനുഷ്യനും ഒരുമിച്ചിരുന്ന്, ചർച്ച ചെയ്തു തീരുമാനങ്ങളാക്കുന്ന നിർദേശങ്ങളല്ല. തികച്ചും ഏകപക്ഷീയമാണെങ്കിലും ദൈവത്തിനു മനുഷ്യനോടുള്ള കരുതലിന്റെ കല്പനയാണത്. "ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ"- ദൈവം നൽകുന്ന വലിയ കാരുണ്യത്തിന്റെ ഉടമ്പടി; ദിവ്യകാരുണ്യം! ഈ ഉടമ്പടിയെ സജീവമാക്കുന്നത് സഭയിലെ ദൈവസാന്നിധ്യമാണ്; പരികർമം ചെയ്യപ്പെടുന്നതും സഭയിലാണ്. അതിനാൽ, സഭ തന്റെ മക്കളെ അനുദിനം ക്ഷണിക്കുകയാണ്; ഏകപക്ഷീയമായ ഉടമ്പടിയാണെന്നു പറഞ്ഞു തള്ളിക്കളയാതെ, ദൈവത്തിന്റെ കരുണയുടെ അടയാളമായി അതിനെ സ്വീകരിക്കാൻ.

ജെറമിയായുടെ പുസ്തകത്തിൽനിന്നുള്ള രണ്ടാമത്തെ വായനയിലും (ജെറ. 32:36-41). ദൈവം ജനവുമായി ഏർപ്പെടുന്ന ഉടമ്പടിയെക്കുറിച്ചാണ് പ്രതിപാദ്യം. ഇസ്രായേൽ ജനം പാപം ചെയ്ത് ദൈവത്തിൽനിന്ന് അകലുന്നുണ്ടെങ്കിലും, കാരുണ്യം തോന്നി അവരെ വീണ്ടെടുക്കുന്ന ദൈവത്തിന്റെ ഉടമ്പടിയെപ്പറ്റിയാണ് ഇവിടെയും പ്രതിപാദ്യം. ഇവിടെയും ഉടമ്പടി ഏകപക്ഷീയമാണ്. ഈ ഉടമ്പടിയും ദൈവകരുണയുടെയും ക്ഷമയുടെയും പക്ഷംപിടിക്കുന്ന ഉടമ്പടിയാണ്. അതിനാൽത്തന്നെ, ആ ഉടമ്പടിയിൽ പങ്കുകാരാകാൻ കഴിയുന്നതു വലിയ ഭാഗ്യമാണ്. 'അവർ എന്റെ ജനവും ഞാൻ അവരുടെ ദൈവവുമായിരിക്കും' (32:38) എന്ന് ആവർത്തിച്ചുകൊണ്ട് ദൈവം തന്റെ ജനവുമായുള്ള ബന്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഈശോമിശിഹായുടെ ശിഷ്യന്മാർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ ഇക്കാര്യം ഉറക്കെ പ്രഘോഷിക്കപ്പെടുന്നു: "അവർ അങ്ങയുടേതായിരുന്നു; അങ്ങ് അവരെ എനിക്കു നല്കി" (യോഹ. 17:6b). പഴയ ഉടമ്പടിയിൽ മാത്രമല്ല, ഈശോമിശിഹായിൽ പൂർത്തിയാക്കുന്ന പുതിയ ഉടമ്പടിയിലും 'നാം ദൈവത്തിന്റേതാണെന്ന്' പിതാവും പുത്രനും ഒരുപോലെ സാക്ഷ്യപ്പെടുത്തുന്നു.

ദൈവവുമായുള്ള ഉടമ്പടിയിൽ ഏർപ്പെട്ടവർക്കു വസിക്കാനായി ദൈവം ഒരു ദേശത്തെ തയ്യാറാക്കുന്നു. "പൂർണഹൃദയത്തോടും പൂർണമനസ്സോടുംകൂടി ഞാൻ അവരെ ഈ ദേശത്ത് നട്ടുവളർത്തും"(32:41b). ഇസ്രായേൽജനവുമായി ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ ദൈവം അവർക്കു കാനാൻദേശം നല്കി. പുതിയ ഉടമ്പടിയിൽ ഈശോമിശിഹായിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിക്കുന്നവർക്കു ദൈവം ഒരുക്കിയിരിക്കുന്ന ദേശമാണ് സഭ. രക്ഷയുടെ പൂർത്തീകരണമായ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതുവരെ സഭയിലാണ് നാം വസിക്കുന്നത്. കാലദേശാതിവർത്തിയായി, ഭൂമിശാസ്ത്രപരമായ അതിരുകളില്ലാതെ ഈശോമിശിഹായുടെ സഭ എല്ലാവരെയും ഉൾക്കൊള്ളുന്നു, സംരക്ഷിക്കുന്നു, ദൈവത്തിലേക്കു നയിക്കുന്നു. മാമ്മോദീസായിൽ വിശ്വാസം സ്വീകരിച്ചു പ്രഖ്യാപിക്കുകയും, ആ വിശ്വാസത്തിൽ വളരുകയും അതേ വിശ്വാസത്തിൽ മരിക്കുകയും ചെയ്യുന്നതു സഭയിലാണ്. ദൃഷ്ടികൾക്കു ഗോചരമല്ലാത്ത സഭയുടെ ഐക്യവും നാമിവിടെ ഓർക്കണം. തികച്ചും ആത്മീയമായ സഹനസഭയും സമരസഭയും വിജയസഭയും ഉൾക്കൊള്ളുന്ന സഭ. ദൈവത്താൽ പൂർണമായും നിയന്ത്രിക്കപ്പെടുന്ന ദൈവത്തിന്റെ സഭയിലാണ് ഇന്നു നാം ജീവിക്കുന്നത്. ഏതു ക്രിസ്ത്യാനിയുടെയും അഭിമാനത്തെ ഉണർത്തുന്ന കേവലം ഭൗതികപ്രതിഭാസം മാത്രമാകരുത് ഇത്. മറിച്ച്, നമ്മുടെ ആത്മീയാഗ്നിയെ ഉണർത്തി, ഉജ്വലിപ്പിക്കുന്ന കൃപയുടെ ശക്തികൂടിയായി ഇതു മാറണം.

ഈശോയിൽ വിശ്വസിച്ച്, മാമ്മോദീസാ സ്വീകരിച്ച് സഭയിൽ അംഗങ്ങളാകുന്നവർ യഥാർത്ഥഫലമായ സ്വർഗരാജ്യത്തിലേക്കെടുക്കാൻ പെട്ടെന്നുള്ള ഒരുക്കമായി ചെയ്യേണ്ടത് എന്തെന്നാണ് വി. യാക്കോബ് തന്റെ ലേഖനത്തിൽ സമർത്ഥിക്കുന്നത് (യാക്കോ. 4:1-10). യാക്കോബ് ശ്ലീഹാ ഒരു ഒരുക്കത്തെ നമ്മിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനോടു ബന്ധപ്പെടുത്തിയാണു പറയുന്നത്. "നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനെ ദൈവം അസൂയയോടെ അഭിലഷിക്കുന്നു" (4:5). അതായത്, നമ്മെ ജീവിപ്പിക്കുന്ന ആത്മാവ് ദൈവത്തിന്റേതാണ്. ദൈവം അതിനെ നമ്മുടെയുള്ളിൽ നിക്ഷേപിക്കുകയാണ്. ഈ ആത്മാവിനെ കേടുകൂടാതെ തിരികെ ലഭിക്കാൻ ദൈവം അസൂയയോടെ അഭിലഷിക്കുന്നു. എന്നുവെച്ചാൽ നമ്മെ രക്ഷിക്കാനുള്ള ദൈവത്തിന്റെ ആഗ്രഹം വർണിക്കാനാവാത്തവിധം വലുതാണെന്നു സാരം.

ഉള്ളിലുള്ള ദൈവാത്മാവിനോട് ഒരു മനുഷ്യനു ചെയ്യാവുന്ന ഏറ്റവും വലിയ ദ്രോഹം ദൈവത്തിന്റെ ശത്രുവായ ലോകത്തോടും അതുമായി ബന്ധപ്പെട്ട ലോകസാഹചര്യങ്ങളോടും കൂട്ടുകൂടുക എന്നതാണ്. "ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണെന്നു നിങ്ങൾ അറിയുന്നില്ലേ?" (4:4). ദൈവം മുന്നോട്ടുവയ്ക്കുന്ന ക്ഷമയുടെയും കാരുണ്യത്തിന്റെയുമായ ഉടമ്പടിയിൽ ഒപ്പുവയ്ക്കാതെ മാറിനില്ക്കുമെന്ന പ്രഖ്യാപനമാണ് ലോകത്തോടുള്ള മൈത്രി.

ദൈവവും മനുഷ്യനുമായുള്ള ഉടമ്പടിയുടെ ആത്യന്തികലക്ഷ്യം മനുഷ്യനെ ദൈവത്തിലേക്കുയർത്തുക എന്നതാണ്. സഭയിൽ ഈശോ സ്ഥാപിച്ചിരിക്കുന്ന കൂദാശകൾ, പ്രത്യേകമായി വി. കുർബാനയും വി. കുമ്പസാരവും ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിൽ നമ്മെ ഒരുക്കുന്ന കൃപയുടെ അവസരങ്ങളാണ്. ഇതു തിരിച്ചറിഞ്ഞ് സ്വർഗരാജ്യത്തെ സ്വപ്നംകണ്ട് ഒരുക്കത്തോടെ ജീവിക്കാൻ ഈശോ ആഹ്വാനം ചെയ്യുന്നു (മത്താ. 6: 19-24). ശാശ്വതമായ സമാധാനം തരാത്ത ഭൂമിയിലെ നിക്ഷേപങ്ങൾ അസ്ഥിരമാണെന്ന തിരിച്ചറിവിൽനിന്നുകൊണ്ട് ആത്മീയമായ നേട്ടങ്ങൾ സ്വന്തമാക്കണമെന്ന് ഈശോ ഓർമിപ്പിക്കുന്നു. ■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.
(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**മോളി**
**തുമ്പേപറമ്പിൽ, മാലം**

# അധ്യാപനം പ്രേരണയുടെ കലയാണ്



സെപ്റ്റംബർ 5
അധ്യാപകദിനം

അഡ്വ. ചാർളി പോൾ



അധ്യാപനം പ്രേരണയുടെ കലയാണ്. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവും സാമൂഹികവും സാന്മാർഗികവുമായ കഴിവുകളുടെ വികാസത്തെ മനഃപൂർവം ലക്ഷ്യമാക്കി പക്വത വന്ന ഒരു വ്യക്തി, കുട്ടികളുടെമേൽ ബോധനത്തിൽക്കൂടി ചെലുത്തുന്ന ക്രമാനുഗതമായ പ്രേരണയാണ് അധ്യാപനം. ചിന്തകനായ ഫ്രോബലിന്റെ കാഴ്ചപ്പാടിൽ, ശിശുവിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ പ്രത്യക്ഷപ്പെടുത്തുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകളെ കണ്ടെത്താനും അത് ഊതി ജ്വലിപ്പിക്കാനും സാധിക്കുന്നവനാണ് യഥാർത്ഥ അധ്യാപകൻ. ജീവിതത്തെ ഉൾക്കാഴ്ചയോടും ദീർഘവീക്ഷണത്തോടുംകൂടി കൈകാര്യം ചെയ്ത് ലക്ഷ്യത്തിലെത്താൻ പ്രേരിപ്പിക്കുന്നതാകണം അധ്യാപനം.

തന്റെ അധ്യാപികയായിരുന്ന ആൻ സള്ളിവനെക്കുറിച്ച് ഹെലൻ കെല്ലർ ഇപ്രകാരം പറയുന്നു: ''തുടക്കത്തിൽ ഞാൻ സാധ്യതകളുടെ ഒരു കൊച്ചുപിണ്ഡംമാത്രമായിരുന്നു. അവയെ കുരുക്കുകൾ അഴിച്ച് വികസിപ്പിച്ചെടുത്തത് എന്റെ ടീച്ചറാണ്. അവർ വന്നതോടെ എന്റെ ജീവിതത്തിന് അർത്ഥം കണ്ടുതുടങ്ങി. എന്റെ ജീവിതം മധുരതരവും ഉപകാരപ്രദവുമാക്കിത്തീർക്കാൻ ചിന്തകളിലൂടെയും പ്രവൃത്തികളിലൂടെയും ഉദാഹരണങ്ങളിലൂടെയും അവർ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു.'' തന്റെ മുന്നിലിരിക്കുന്ന കൊച്ചുപിണ്ഡങ്ങളെ ചെത്തിമിനുക്കി മുത്തുകളും രത്നങ്ങളുമാക്കി മാറ്റാൻ അധ്യാപകർക്കു സാധിക്കണം.

രാഷ്ട്രപതിയായിരുന്ന എ.പി.ജെ. അബ്ദുൾ കലാം പറഞ്ഞു: "വ്യക്തിയുടെ സ്വഭാവവും കഴിവും ഭാവിയും രൂപപ്പെടുത്തുന്ന മഹത്തായ സേവനമാണ് അധ്യാപകർ ചെയ്യുന്നത്." ഏറ്റവും ശ്രേഷ്ഠവും മഹനീയവുമായ ശുശ്രൂഷയാണ് അധ്യാപനം. ആചാര്യൻ, ഗുരു, ടീച്ചർ, ഫെസിലിറ്റേറ്റർ, മെന്റർ, ഗൈഡ് എന്നീ തലങ്ങളിലെല്ലാം അധ്യാപകർ കുട്ടികളിൽ സ്വാധീനം ചെലുത്തണം.

ആധുനികകാലഘട്ടത്തിൽ കുട്ടികൾ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. അവയെല്ലാം തരണംചെയ്തു വിജയിക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ അധ്യാപകർക്കു സാധിക്കണം. കുട്ടികളുടെ മാനസികവ്യാപാരങ്ങളെ അടുത്തറിയാൻ മാതാപിതാക്കളോടൊപ്പംതന്നെ സഹരക്ഷിതാക്കളായ അധ്യാപകർക്കും കഴിയണം. എല്ലാം തുറന്നുപറഞ്ഞ് സംവദിക്കാനും കൂട്ടുകൂടാനും കഴിയുന്ന ഇടങ്ങളാകണം വീടും വിദ്യാലയവും. സർഗാത്മകവും സന്തോഷദായകവുമായ അന്തരീക്ഷമാണ് വിദ്യാലയങ്ങളിൽ പുലരേണ്ടത്. ജീവിതത്തിലുടനീളം അനുഭവിക്കുന്ന അർത്ഥപൂർണമായ സന്തുഷ്ടിയാണ് കുട്ടികളുടെ വളർച്ചയും വികസനവും സാധ്യമാക്കുന്നത്. തിരുത്താനും ഭാവിജീവിതത്തെ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യാനുമുള്ള മാർഗനിർദേശങ്ങളും സ്നേഹശാസനകളുമാണ് അവർക്കു നൽകേണ്ടത്. അത് സ്നേഹത്തിലും സഹാനുഭൂതിയിലും അധിഷ്ഠിതമാകണം.

വിദ്യാഭ്യാസവിചക്ഷണനും സാമൂഹിക നിരീക്ഷകനുമായ ഡോ. എം. എൻ. കാരശേരി പറഞ്ഞു: "എന്റെ കണക്കിൽ ഇന്ന് അധ്യാപകർക്ക് രണ്ടു പണിയേയുള്ളൂ. ഒന്ന്, കുട്ടികളെ പഠിക്കാൻ സഹായിക്കുക, രണ്ട്, കുട്ടികളുടെ സ്വഭാവം രൂപവത്കരിക്കുക. ഈ പറഞ്ഞ രണ്ടു പണികൾക്കും വിജ്ഞാനത്തെക്കാൾ ആവശ്യമായതു സ്നേഹമാണ്. ഗുരുനാഥന്മാരുടെ സ്നേഹമാണ് വിദ്യാർത്ഥികളുടെ പഠനത്തെ പ്രചോദിപ്പിക്കുന്നതും വ്യക്തിത്വത്തെ ശുദ്ധീകരിക്കുന്നതും." കുട്ടികളെ പ്രചോദിപ്പിക്കുക, മോട്ടിവേറ്റ് ചെയ്യുക, അവരെ ആകർഷിക്കുക, ആശ്ചര്യപ്പെടുത്തുക, പുതുമ മങ്ങാതെ പഠിപ്പിക്കുക, മാർഗദർശനം നടത്തുക, ദിശാബോധം പകരുക – ഇതാണ് അധ്യാപനത്തിൽ സംഭവിക്കേണ്ടത്.

ഞാൻ അധ്യാപകനല്ല, ഉണർത്തുപാട്ടുകാരനാണെന്നു പറഞ്ഞത് റോബർട്ട് ഫ്രോസ്റ്റ് ആണ്. ഒരു ചെറുകോശത്തിൽനിന്നാണ് മനുഷ്യന്റെ വളർച്ച സംഭവിക്കുന്നത്. സത്യത്തിൽ വിദ്യാഭ്യാസലക്ഷ്യം ആ ചെറുകോശത്തിലെ അപാരമായ സാധ്യതകളെ ഉണർത്തിവിടുകയാണ്. വിവരശേഖരണത്തിനും വിവരസംസ്കരണത്തിനുമപ്പുറം ജീവിതം എന്ന ദിവ്യപ്രകാശത്തിലേക്കു വിദ്യാർത്ഥികളെ ഉണർത്തുന്ന ഉണർത്തുപാട്ടുകാരാകണം അധ്യാപകർ. 'എല്ലാ കുട്ടികളും ജീനിയസുകളാണെ'ന്നു പറഞ്ഞത് ആൽബർട്ട് ഐൻസ്റ്റീൻ ആണ്. ഓരോ കുട്ടിയിലും പ്രതിഭയുടെ വിളയാട്ടമുണ്ട്. അതു കണ്ടെത്തി വളർത്തി അവരെ ജീനിയസാക്കാൻ അധ്യാപകനു കഴിയണം. ഓരോ കുട്ടിയിലുമുള്ള അനന്തസാധ്യതകളെ കണ്ടെത്തുക മാത്രമല്ല അധ്യാപകർ ചെയ്യേണ്ടത്; മറിച്ച്, പ്രേരണയെന്ന കലയിലൂടെ അവയെ ഉണർത്തി വളർത്തി പരിപോഷിപ്പിച്ച് ജ്വലിപ്പിക്കാൻ സാധിക്കണം. ഈ പരിപോഷണപ്രക്രിയയാണ് അധ്യാപനം.

വിദ്യാഭ്യാസവിചക്ഷണനും രാഷ്ട്രപതിയുമായിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ വിദ്യാഭ്യാസത്തിന്റെ മൗലികലക്ഷ്യം സ്വഭാവഗുണം ആർജിക്കലാണെന്നും, സ്വഭാവഗുണം ആർജിക്കാൻ പറ്റാത്ത വിദ്യാഭ്യാസം ആപത്കരവും ഉപയോഗശൂന്യവുമാണെന്നും പറഞ്ഞിട്ടുണ്ട്. ലക്ഷ്യവും മാർഗവും സംശുദ്ധമാകണമെന്ന ദർശനമാണിത്. പാഠ്യപദ്ധതികൾക്കും പാഠപുസ്തകങ്ങൾക്കുമപ്പുറത്തേക്കിറങ്ങിച്ചെന്ന് ജീവിതമൂല്യങ്ങൾ പകർന്നുനൽകാൻ അധ്യാപകർക്കു സാധിക്കണം. സത്യത്തിലേക്കുള്ള വഴികാട്ടിയും ചൂണ്ടുപലകയുമാകണം അധ്യാപകർ. അതിന് അധ്യാപകജീവിതം ഒരു സാക്ഷ്യജീവിതംകൂടിയായിത്തീരണം. അധ്യാപകരുടെ വാക്കുകളെക്കാളുപരി അവരുടെ ജീവിതം കുട്ടികൾക്കു പ്രേരണയും പ്രചോദനവുമാകട്ടെ. ■

## നിർദ്ദിഷ്ട ഹിന്ദുരാഷ്ട്രത്തിൽ ക്രിസ്ത്യാനികൾക്കും മുസ്ലീംകൾക്കും വോട്ടവകാശമില്ല.

### 'ഹിന്ദുരാഷ്ട്രഭരണഘടന'യുടെ ആദ്യകരട് പുറത്ത്

ന്യൂഡൽഹി: നിർദിഷ്ട ഹിന്ദുരാഷ്ട്രത്തിൽ മുസ്ലീംകൾക്കും ക്രിസ്ത്യാനികൾക്കും വോട്ടവകാശം ഉണ്ടാകില്ലെന്നു കരട് ഭരണഘടന. ഡൽഹി മാറ്റി വാരണസി രാജ്യതലസ്ഥാനമാക്കാനും 30 ഹൈന്ദവസന്ന്യാസിമാർ തയ്യാറാക്കിയ 'ഹിന്ദുരാഷ്ട്ര ഭരണഘടന'യുടെ ആദ്യകരടിൽ പറയുന്നു. കാശിയിൽ (വാരണസി) സ്ഥാപിക്കുന്ന പുതിയ പാർലമെന്റിനു മതങ്ങളുടെ പാർലമെന്റ് (പാർലമെന്റ് ഓഫ് റിലീജിയൻസ്) എന്നാകും പേര്. മൊത്തം 543 പേരാകും പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെടുക. 16 വയസ്സു മുതലുള്ള എല്ലാ ഹിന്ദുപൗരന്മാർക്കും വോട്ടവകാശമുണ്ടാകും. 25 വയസ്സു തികയുന്ന ഏതൊരു ഹിന്ദുവിനും പാർലമെന്റിലേക്കു മത്സരിക്കാം. എല്ലാ പൗരന്മാർക്കും നിർബന്ധിത സൈനികപരിശീലനത്തിനും നിർദേശമുണ്ട്.

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ അടുത്ത വർഷം നടക്കുന്ന മഹാമേളയുടെ ഭാഗമായുള്ള ധർമ സൻസദിൽ (ധർമ പാർലമെന്റ്) ഇതുവരെ തയ്യാറാക്കിയ 32 പേജുള്ള ഭരണഘടനയുടെ കരട് അവതരിപ്പിക്കും. ഹിന്ദുരാഷ്ട്രം എന്ന ലക്ഷ്യം നേടിയാൽ മുസ്ലീം, ക്രിസ്ത്യൻ അടക്കമുള്ള ഹൈന്ദവേതരമതസ്ഥർക്കു വോട്ടവകാശം ഉണ്ടാകില്ലെന്നു വാരണസി ആസ്ഥാനമായുള്ള ശങ്കരാചാര്യ പരിഷത്ത് പ്രസിഡന്റ് സ്വാമി ആനന്ദ് സ്വരൂപ് വിശദീകരിച്ചു. അവസാനഭരണഘടന 750 പേജുള്ളതായിരിക്കും.

ഹൈന്ദവമതപണ്ഡിതരുമായി വിശദമായ ചർച്ചകൾക്കുശേഷം കരടു ഭരണഘടനയുടെ പകുതിയോളമാകും (മുന്നൂറോളം പേജ്) അടുത്ത വർഷത്തെ മഹാസമ്മേളനത്തിൽ അവതരിപ്പിക്കുക. കഴിഞ്ഞ ഫെബ്രുവരിയിൽ പ്രയാഗ് രാജിൽ ചേർന്ന മഹാസമ്മേളനത്തിലാണ് ഷംഭവി പീതാദീശ്വറിന്റെ നേതൃത്വത്തിൽ 30 അംഗങ്ങളെ ഭരണഘടനയുടെ കരട് ഉണ്ടാക്കാൻ ചുമതലപ്പെടുത്തിയതെന്നും സ്വാമി ആനന്ദ് സ്വരൂപ് വിശദീകരിച്ചു. ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കണമെന്ന പ്രമേയവും ധർമ സൻസദിൽ പാസ്സാക്കി.

'അഖണ്ഡഭാരത'ത്തിന്റെ മുഖച്ചിത്രത്തോടുകൂടിയ കരട് രേഖയിൽ പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക, മ്യാൻമർ എന്നീ രാജ്യങ്ങൾകൂടി ഭാവിയിൽ ഭാരതത്തിൽ ലയിക്കുമെന്നും പറയുന്നു. ഹിന്ദുരാഷ്ട്രനിർമാൻ സമിതി അധ്യക്ഷൻ കമലേശ്വർ ഉപാധ്യായ, സ്വാമി ആനന്ദ് സ്വരൂപ്, സുപ്രീംകോടതി അഭിഭാഷകൻ ബി.എൻ. റെഡ്ഢി, പ്രതിരോധവിദഗ്ധൻ ആനന്ദ് വർധൻ, സനാതന ധർമപണ്ഡിതൻ ചന്ദ്രമണി മിശ്ര, വേൾഡ് ഹിന്ദു ഫെഡറേഷൻ പ്രസിഡന്റ് അജയ് സിംഗ് തുടങ്ങിയവരാണു ഹിന്ദുഭരണഘടനാ കരട് തയ്യാറാക്കുന്ന സമിതിയിലുള്ളത്.

Deepanalam Weekly
RNI No : 16998/68
Vol. 55 No. 26 Date of Publication 25 aug 2022
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org